# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 ജനുവരി 16 | ദീപം 57 | നാളം 44 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ജനാധിപത്യത്തെ അട്ടിമറിക്കുന്നവർ



പ്രൊഫ. റോണി കെ. ബേബി

തിരഞ്ഞെടുപ്പുപ്രക്രിയയ്ക്കിടെ ശേഖരിക്കുന്ന സിസിടിവി, വെബ് കാസ്റ്റിങ് ദൃശ്യങ്ങളിൽ പൊതുജനപരിശോധന തടയുന്ന തിരഞ്ഞെടുപ്പു ചട്ടഭേദഗതിക്കെതിരേ വലിയ വിമർശനങ്ങൾ ഉയർന്നിരിക്കുകയാണ്. ഡിസംബർ 20 ന് കേന്ദ്രനിയമ മന്ത്രാലയം തിരഞ്ഞെടുപ്പുനടത്തിപ്പു ചട്ടത്തിൽ വരുത്തിയ ഭേദഗതിയാണ് വിമർശനങ്ങൾക്ക് ആധാരം. 1961 ലെ തിരഞ്ഞെടുപ്പുചട്ടങ്ങളിലെ റൂൾ 93 (2) (എ) പ്രകാരം 'തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റെല്ലാ പേപ്പറുകളും പൊതുപരിശോധനയ്ക്കു വിധേയമായിരിക്കും' എന്നായിരുന്നെങ്കിൽ, ഭേദഗതിപ്രകാരം 'നിയമത്തിൽ എടുത്തു പറയാത്ത രേഖകൾ പൊതുജനങ്ങൾക്കു പരിശോധനയ്ക്കായി ലഭിക്കില്ല' എന്നാക്കി മാറ്റി. സി സി ടി വി ദൃശ്യങ്ങൾ, വെബ് കാസ്റ്റിങ് ദൃശ്യങ്ങൾ തുടങ്ങിയവ പരിശോധിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. പൊതുജനാഭിപ്രായം തേടാതെയുള്ള ഭേദഗതി അനുവദിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോൺഗ്രസ് ഉൾപ്പെടെ നിരവധി പാർട്ടികളും സംഘടനകളും സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇത്തരമൊരു നീക്കം തിരഞ്ഞെടുപ്പുപ്രക്രിയയിലെ സുതാര്യതയെയും ഉത്തരവാദിത്വത്തെയും തകർക്കുന്നുവെന്നു ഹർജികളിൽ പറയുന്നു. തിരഞ്ഞെടുപ്പുപ്രക്രിയയുടെ സമഗ്രത പുനഃസ്ഥാപിക്കാൻ സുപ്രീം കോടതിക്കു സാധിക്കുമെന്നാണു പ്രതീക്ഷയെന്നു ഹർജി നൽകിയ എഐസിസി ജനറൽ സെക്രട്ടറി ജയറാം രമേശ് പറഞ്ഞു.

### തിരഞ്ഞെടുപ്പുചട്ടഭേദഗതികളിലെ നിർദേശങ്ങൾ

നിയമത്തിലെ 93-ാം വകുപ്പുപ്രകാരം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാമെങ്കിലും അവയുടെ പരിധിയിൽ നാമനിർദേശപത്രിക, തിരഞ്ഞെടുപ്പ് ഏജന്റുമാരെ നിയോഗിച്ചുള്ള കടലാസുകൾ, തിരഞ്ഞെടുപ്പുകണക്കുകൾ, ഫലങ്ങൾ, ചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന തിരഞ്ഞെടുപ്പ് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയ രേഖകൾമാത്രമാണ് പൊതുജനങ്ങൾക്കു ലഭ്യമാകുക. ബാലറ്റ്പേപ്പറുകൾ, അവയുടെ കൗണ്ടർഫോയിലുകൾ, വോട്ട് ചെയ്തവരുടെ വിവരങ്ങൾ എന്നിവയടക്കം ഏതാനും രേഖകൾ പുറത്തുവിടുന്നതിനായിരുന്നു ഇതുവരെ വിലക്കുണ്ടായിരുന്നത്. എന്നാൽ, തിരഞ്ഞെടുപ്പു നിയമത്തിൽ പരാമർശിക്കാത്ത ഒരു രേഖയും നൽകാനാവില്ല എന്നാണ് നിയമമന്ത്രാലയം ഭേദഗതിയിലൂടെ വ്യക്തമാക്കിയിരിക്കുന്നത്. ഭേദഗതിയോടെ സി സി ടി വി ദൃശ്യങ്ങൾ, വെബ്കാസ്റ്റിങ് ദൃശ്യങ്ങൾ, മാതൃകാ പെരുമാറ്റച്ചട്ട കാലയള



വിൽ സ്ഥാനാർഥികളുടെ വീഡിയോ റെക്കോർഡിങ് തുടങ്ങിയ ഇലക്ട്രോണിക് രേഖകൾ പൊതുജനങ്ങൾക്കു ലഭ്യമാവുകയില്ല. പൊതുജനങ്ങൾക്ക് ഇവ വേണമെന്നുണ്ടെങ്കിൽ കോടതിയെ സമീപിക്കണം. ഇലക്ട്രോണിക് രേഖകൾ ദുരുപയോഗം ചെയ്യുന്നതു തടയാൻവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നതെന്നാണ് കേന്ദ്ര സർക്കാർവാദം.

▶ 5

## കലൂർ സ്റ്റേഡിയം അപകടം

# ഇവിടെ ആർക്കാണ് വീഴ്ച സംഭവിച്ചത് ?



ഡിജോ കാപ്പൻ

കൊച്ചി കലൂരിലെ അന്താരാഷ്ട്രസ്റ്റേഡിയത്തിൽ ഡിസംബർ 29 ന് ഗിന്നസ് റെക്കോർഡ് നേടാനായി 11600 ഭരതനാട്യം നർത്തകരെ ഒന്നിച്ചണിനിരത്തിയുള്ള നൃത്തപരിപാടിയുടെ ഉദ്ഘാടനം നടക്കേണ്ടിയിരുന്ന വേദിയിൽ വിശിഷ്ടാതിഥിയായി എത്തിയ ഉമാ തോമസ് എംഎൽഎ പതിനഞ്ചടിയോളം ഉയരത്തിൽ നിന്നു വീണു ഗുരുതരമായി പരിക്കേറ്റത് അക്ഷരാർഥത്തിൽ കേരളത്തെ ഞെട്ടിച്ചുകളഞ്ഞു.

പാലാരിവട്ടം റിനയ് മെഡിസിറ്റി ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റു സ്റ്റാഫിന്റെയും ആരോഗ്യവകുപ്പ് ഏർപ്പെടുത്തിയ വിദഗ്ധഡോക്ടർമാരുടെയും മികച്ച ചികിത്സയും ശുശ്രൂഷയുംകൊണ്ടും പതിനായിരക്കണക്കിനാളുകളുടെ പ്രാർഥനകൊണ്ടും അദ്ഭുതകരമായ നിലയിൽ ഉമാ തോമസിന്റെ ജീവൻ രക്ഷപ്പെട്ടുകിട്ടിയെന്നത് ആശ്വാസകരമാണ്.

എന്നാൽ, അപകടം നടന്നതിന്റെ അടുത്തദിവസങ്ങളിൽ ടെലിവിഷൻ ചാനലുകളിൽക്കൂടിയും സമൂഹമാധ്യമങ്ങളിൽക്കൂടിയും നടന്നതെന്താണെന്ന് കേരളത്തിലെ വലിയ ഒരു വിഭാഗം ജനങ്ങൾ കണ്ടു. അപ്പോൾ ജനങ്ങൾക്കു നേരിട്ടു ബോധ്യമായി ഈ അപകടത്തിനിടയാക്കിയത് നൃത്തപരിപാടി സംഘടിപ്പിച്ച മൃദംഗവിഷൻ സംഘടനയുടെയും സ്റ്റേഡിയത്തിന്റെ ഉടമസ്ഥരായ വിശാലകൊച്ചി വികസന അതോറിറ്റിയുടെയും (ജി.സി.ഡി.എ.) വീഴ്ചയാണെന്ന്. സ്റ്റേജുനിർമാണത്തിലടക്കമുള്ള സുരക്ഷാവീഴ്ചയും, ജിസിഡിഎയുടെ ഭാഗത്തുനിന്നുണ്ടായ നോട്ടക്കുറവും ഉത്തരവാദിത്വമില്ലായ്മയും മനപൂർവമുള്ള നരഹത്യാശ്രമത്തിനു കേസെടുക്കാവുന്നവിധം ഗൗരവമുള്ളതായിരുന്നു.

സ്റ്റേഡിയത്തിന്റെ ഗാലറിക്കുമുകളിൽ അശാസ്ത്രീയമായി കെട്ടിയുയർത്തിയ സ്റ്റേജായിരുന്നു ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികളെല്ലാം ഇരിക്കേണ്ടുന്ന ഉദ്ഘാടനവേദി. ഉയരത്തിൽ നിർമിക്കുന്ന വേദികളിൽനിന്ന് ആളുകൾ വീണ് അപകടം



ഉണ്ടാകാതിരിക്കാൻ ചുറ്റും ഉറപ്പും ബലവുമുള്ള ബാരിക്കേഡുകൾ നിർമിക്കണമെന്നത് സുരക്ഷയ്ക്കുള്ള പ്രാഥമികനടപടിയാണ്. അപകടം ഉണ്ടായതിന്റെ വീഡിയോദൃശ്യങ്ങൾ കാണുമ്പോഴറിയാം, സ്റ്റേജിന്റെ മുൻനിരയിലിരിക്കുന്നവരുടെ മുന്നിലൂടെ ഒരാൾക്കു നടന്നുനീങ്ങാൻ എത്ര ബുദ്ധിമുട്ടാണെന്ന്.

ഉദ്ഘാടനവേദിയിലേക്കു വന്ന ഉമാ തോമസ് മുൻനിരയിൽ ഒരുവശത്ത് വന്നിരുന്നപ്പോഴാണ് പരിപാടിയുടെ ഉദ്ഘാടകനായ സാംസ്കാരികമന്ത്രി മറുഭാഗത്ത് ഇരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടത്. ഉടൻ അവർ എഴുന്നേറ്റ് മന്ത്രിയെ അഭിവാദ്യം ചെയ്യാനായി ഏതാനും ചുവടുകൾ മുന്നോട്ടുവച്ചു. ഒരു സംഘാടക അവിടെ നില്പുണ്ടായിരുന്നു. അവരെ മറികടന്ന് മന്ത്രിയെ അഭിവാദ്യം ചെയ്യാനായി മുന്നോട്ടു നീങ്ങാൻ ശ്രമിക്കുമ്പോൾ ബാലൻസ് തെറ്റി വീഴുകയായിരുന്നു. സ്റ്റേജിന്റെ സൈഡിൽ വച്ചിരുന്ന നീല റിബൺ വലിച്ചുകെട്ടിയ ക്യൂ മാനേജറിൽ സ്വാഭാവികമായും പിടികിട്ടിയെങ്കിലും റിബണോടുകൂടി അവർ പതിനഞ്ചടി താഴ്ചയിലേക്ക് തലയടിച്ചുവീണത് കോൺക്രീറ്റ് സ്ലാബിന്റെമേലാണ്.

▶ 12



പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച്
ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് വിദ്യാർഥികൾക്കായി
അഖില കേരളാടിസ്ഥാനത്തിൽ
സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന**
**എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ**

# ദീപനാളം സാഹിത്യോത്സവം

**പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ**
**2025 ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ 10 മണിക്ക്**

## പൊതുനിബന്ധനകൾ

- കഥ, ഉപന്യാസം എന്നിവ നാലു പുറത്തിലും കവിത ഇരുപതു വരിയിലും കവിയരുത്.
- ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർകളർ, അക്രിലിക് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്. രചനാ മത്സരങ്ങൾക്കുള്ള പേപ്പറും ഡ്രോയിങ് ഷീറ്റും നല്കുന്നതാണ്.
- സ്കൂൾ - കോളജ് വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
- ഉപന്യാസവിഷയം : **മാർ സെബാസ്റ്റ്യൻ വയലിൽ ആധുനികപാലായുടെ ശില്പി**
- കഥ, കവിത, ചിത്രരചന എന്നീ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് മത്സരദിവസം രാവിലെ പത്തു മണിക്ക് വിഷയം നല്കുന്നതാണ്. മത്സരങ്ങൾ കൃത്യം 10.30 ന് ആരംഭിക്കും.
- ഒന്നരമണിക്കൂർ ആയിരിക്കും മത്സരങ്ങൾക്കുള്ള സമയം.
- ഓരോ മത്സരയിനത്തിനും 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.
- മത്സരങ്ങളിൽ പങ്കെടുക്കുന്നവർ മത്സരം തുടങ്ങുന്നതിനു മുമ്പ് ഫീസടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഇരുപത്തയ്യായിരം രൂപയുടെ അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**

**ഓരോ വിഭാഗത്തിലും മികവു തെളിയിക്കുന്നവർക്ക്**

ഒന്നാം സമ്മാനം ₹ 3001
രണ്ടാം സമ്മാനം ₹ 2001
മൂന്നാം സമ്മാനം ₹ 1001

മികച്ച രചനകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് : 7306874714



KURUMUNDAYIL JEWELLERY
GOLD ◆ DIAMONDS ◆ BIRTH STONES ◆ SILVER
KURUMUNDAYIL FINANCIERS
Kattakkayam Road, Pala Tel: 04822 213693

# അകവെട്ടം അന്വേഷിക്കുന്നവരാകണം



മാർ ജോസഫ് കല്ലറങ്ങാട്ട്

## ദനഹാത്തിരുനാളിൽ പാലാ ഭദ്രാസനപ്പള്ളിയിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വിശുദ്ധ കുർബാനമധ്യേ നല്കിയ സന്ദേശത്തിൽനിന്ന്



നമ്മുടെ കർത്താവിന്റെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളുകളിലൊന്നാണ് ദനഹാ. നിരവധി പ്രാദേശികപാരമ്പര്യങ്ങൾക്കൂടി ഒന്നിച്ചുചേർത്ത് ആഘോഷിക്കുന്ന ഒരു കീഴ്‌വഴക്കമാണ് നമ്മുടെ ഭദ്രാസനദൈവാലയത്തിനുള്ളത്. പാലാ ഭദ്രാസനത്തിന്റെ ദനഹാത്തിരുനാൾ ഇവിടെ മാത്രമല്ല, ഇതരരൂപതകളിലും സംസാരവിഷയമായിട്ടുള്ളതും പലരും ഇവിടെ വന്നു കാണാനും കേൾക്കാനും പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാനുമൊക്കെ ആഗ്രഹിക്കുന്നതുമാണ്.

ഏറ്റവും വലിയ ദൈവശാസ്ത്രം വെളിപ്പെടുത്തപ്പെട്ടത് ഈശോയുടെ മാമ്മോദീസായിലാണ്. ദനഹാ എന്ന വാക്കിന്റെ അർഥംതന്നെ അതാണ്. ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമാണെന്ന് ഈശോയുടെ മാമ്മോദീസാവേളയിൽ നമ്മൾ മനസ്സിലാക്കുന്നു.

പുതിയനിയമത്തിൽ, പൗരസ്ത്യദൈവശാസ്ത്രമേഖലകളിൽ ദനഹാത്തിരുനാൾ ഈശോയുടെ മാമ്മോദീസയാണ്. പാശ്ചാത്യസഭയിൽ പ്രധാനമായും ഈ തിരുനാൾ പൂജരാജാക്കന്മാരുടെ സന്ദർശനമാണ്. പുതിയ നിയമത്തിലെ വലിയൊരു വെളിപ്പെടുത്തലാണിത്. 'ദ്നഹ്' എന്ന സുറിയാനിമൂലത്തിൽനിന്നാണ് ദനഹാ എന്ന വാക്കുണ്ടായത്.

പഴയനിയമത്തിൽ ദൈവം പല പ്രകാരേണ വെളിപ്പെടുത്തുന്നുണ്ട്. കത്തുന്ന മുൾപ്പടർപ്പിൽ, മിന്നൽപ്പിണറുകളിൽ, ഇടിമുഴക്കത്തിൽ, അഗ്നിസ്തംഭത്തിൽ, മേഘത്തൂണുകളിൽ, സമാഗമകൂടാരങ്ങളിൽ, മരുഭൂമിയിലെ മന്നയിലും കാടപ്പക്ഷിയിലുമെല്ലാം വലിയ വെളിപ്പെടുത്തലുകൾ പഴയനിയമത്തിൽ നാം കാണുന്നു. ഇതിന്റെയെല്ലാം ഒരു പൂർത്തീകരണമാണ് പുതിയ നിയമത്തിൽ നാം കണ്ട് അനുഭവിച്ചത്.

ദൈവം പിതാവും പുത്രനും പരിശുദ്ധറൂഹായുമാണെന്നുള്ള അടിസ്ഥാനപരമായ ആ വലിയ സത്യത്തിലേക്ക് നമ്മൾ എത്തുന്നത് ഈശോയുടെ മാമ്മോദീസായിലാണ്. ഇന്നത്തെ ലിറ്റർജിയാണ് ഈ ദനഹായുടെ സത്യം നമുക്കു വെളിപ്പെടുത്തിത്തരുന്നത്. പുരാതനമായ ഒരു പ്രാർഥന ഞാനിവിടെ ചൊല്ലാം: "കുരുടനായ മനുഷ്യന് പുതിയ കൃഷ്ണമണികളെ സൃഷ്ടിച്ചതുപോലെ എന്നിൽ പുതിയ കണ്ണുകളെ സൃഷ്ടിക്കണമേ. എന്റെ പുറമേയുള്ള ചെവികളെ നീ അടയ്ക്കുകയും അകമേയുള്ള ചെവികളെ തുറക്കുകയും ചെയ്യണമേ. നമുക്ക് അകവെട്ടം തേടാനാകണം." അതിമനോഹരമായ ഒരു പ്രാർഥനയാണിത്. അകവെട്ടം – Luminous Eye - ആണിത്. ഉള്ളിലുള്ള വെളിച്ചം, ഹൃദയത്തിലുള്ള വെളിച്ചം നാം അന്വേഷിച്ചുകൊണ്ടിരിക്കണം. നമുക്ക് വ്യക്തിജീവിതത്തിലും ഇടവകകളിലും രൂപതകളിലും സഭയിലുമെല്ലാം അകവെട്ടം കുറെയെല്ലാം നഷ്ടപ്പെടുന്നുണ്ട്. അകവെട്ടം നഷ്ടപ്പെടുന്നവർ ആരാണെങ്കിലും തേജോമയമായ സൗന്ദര്യത്തെ – ഈശോയെ – കാണാനും അനുഭവിക്കാനും സാധിക്കില്ല. നഷ്ടപ്പെട്ട ആത്മീയ പരിപക്വത നാം തിരിച്ചുപിടിക്കണം. അതാണ് ദനഹാ. ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമാണെന്ന് ഗൗരവപൂർവം വിശ്വസിക്കാതിരിക്കുകയും പഠിക്കാതിരിക്കുകയും പഠിപ്പിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഈ അകവെട്ടം നമുക്കു നഷ്ടപ്പെടുകയാണ്. ദൈവത്തോടു സംസാരിക്കുന്നതിൽനിന്ന് നാം മാറിനിൽക്കുകയാണ്. ഈശോ ദൈവമാണെന്നുള്ള കാര്യം നമ്മൾ പറയാതെ വിടുകയാണ്. ഈശോ നല്ല മനുഷ്യനാണ് എന്ന കാര്യം നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ ദനഹാ അതിനെല്ലാമുള്ള ഒരു തിരുത്തലാണ്.

ദനഹായുടെ സായാഹ്നപ്രാർഥന(റംശ)യിൽ നമ്മൾ പ്രാർഥിക്കുന്നു: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ മാമ്മോദീസായാൽ എല്ലാ സമുദ്രങ്ങളും നദികളും അരുവികളും ജലത്തിന്റെ എല്ലാ ഉറവകളും വിശുദ്ധീകരിക്കപ്പെട്ടു. അവയെയെല്ലാം പരിശുദ്ധനാക്കിയവനേ, നിന്റെ പരിശുദ്ധിയാൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ.ഞങ്ങളുടെ അധരങ്ങളെ എപ്പോഴും നിന്റെ പരിശുദ്ധിയുടെ ഉറവിടമാക്കണമേ.' അതാണ് ദനഹാത്തിരുനാൾ. തോന്നുന്നതെല്ലാം സംസാരിക്കുകയും എഴുതുകയും ചെയ്യുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. എന്തെല്ലാമാണ് ആളുകൾ എഴുതിക്കൂട്ടുന്നത്! അധരങ്ങളുടെ, മനസ്സുകളുടെ, നാവുകളുടെ പരിച്ഛേദനവും വിശുദ്ധീകരണവും നഷ്ടപ്പെടുമ്പോൾ, ആർക്കും എന്തും എവിടെവച്ചും പറയാം. അങ്ങനെയുള്ളവരെല്ലാം അകവെട്ടം നഷ്ടപ്പെടുത്തി ജീവിക്കുന്നവരാണ്.

ദനഹാത്തിരുനാളിന് നെസ്തോറിയസിന്റെ കുർബാനക്രമമാണ് നാം അനുഷ്ഠിക്കുന്നത്. ആണ്ടുവട്ടത്തിൽ നാലഞ്ചുദിവസങ്ങളിൽ മാത്രമേ ആ കുർബാനക്രമം നാം ഉപയോഗിക്കുന്നുള്ളൂ. ദനഹായിലാണ് അതിന്റെ ആദ്യത്തെ ഉപയോഗം. ഒന്നുരണ്ടു ചെറിയ പ്രാർഥനകൾ ഇതാണ്: 'ഇവിടെ ഞങ്ങൾ കണ്ണാടിയിലെന്നപോലെ അവ്യക്തമായി അനുഭവിക്കുന്നവയ്ക്ക് അവിടെ തെളിവായി സ്വർഗത്തിലുള്ള അതിവിശുദ്ധസ്ഥലം പ്രാപിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ.' അതുപോലെ, വി. കുർബാനയിൽ, 'ഞങ്ങളുടെ അന്ധമായിരുന്ന മനോനേത്രങ്ങൾ തുറന്ന് രക്ഷയുടെ മാർഗം തെളിയിക്കുകയും ദൈവികജ്ഞാനത്തിന്റെ പ്രകാശത്തിൽ ഞങ്ങളെ ദീപ്തമാക്കുകയും ചെയ്യണമേ'യെന്നു പ്രാർഥിക്കുന്നു. അന്ധമായിരുന്ന മനോനേത്രങ്ങൾ തുറക്കപ്പെടേണ്ട ദിവസമാണ് ദനഹാ. കുർബാനയിൽ നമ്മൾ പ്രാർഥിക്കുന്നുണ്ട്; 'കരയിലും കടലിലും ആകാശത്തും യാത്ര ചെയ്യുന്നവരെ നീ സംരക്ഷിക്കണമേ.' വളരെ കോസ്മിക് ആയിട്ടുള്ള ഒരു അപേക്ഷ വിശുദ്ധകുർബാനയുടെ നടുവിൽ നമ്മൾ നടത്തുന്നുണ്ട്; 'വീണവരെ എഴുന്നേല്പിക്കണേ, നിൽക്കുന്നവരെ വീഴാതെ കാത്തുകൊള്ളണമേ.'

ആധ്യാത്മികസമ്പത്ത് നിറഞ്ഞുനിന്നിരുന്ന നെസ്തോറിയസും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമെല്ലാം ചേർന്ന് രൂപീകരിച്ച ആ കുർബാനയുടെ ഓരോ വാക്യവും രക്ഷാകരപദ്ധതിയിൽ സമ്പൂർണമായിട്ടും നിറച്ചുവച്ചിരിക്കുന്നതുപോലെ നമുക്ക് അനുഭവപ്പെടും. അതുകൊണ്ടാണ്, ദനഹായിൽ നെസ്തോറിയസിന്റെ കുർബാനക്രമം പൗരസ്ത്യസുറിയാനിസഭകളെല്ലാം ആഘോഷിക്കണമെന്നു പറയുന്നത്. അതിനെക്കാൾ വലിയ ദനഹാ മറ്റൊന്നുമില്ല, പരിശുദ്ധ ബെനഡിക്ട് പിതാവ് ഒരിക്കൽ പറഞ്ഞു: "മാമ്മോദീസാ ഒരു സോഷ്യൽ കൂട്ടായ്മ മാത്രമായി ഇന്ന് താഴ്ന്നുപോവുകയാണ്. ഒരു പ്രാധാന്യവുമില്ലാതെ ആരെയെങ്കിലും നിർബന്ധിച്ച് തലതൊട്ടപ്പനും തലതൊട്ടമ്മയുമാക്കി പള്ളിയിൽ പറഞ്ഞുവിടും. അതു കഴിഞ്ഞു വീട്ടിൽ വലിയ ആഘോഷമാണ്. പക്ഷേ, പള്ളിയിൽ നടക്കുന്ന കാര്യമാണ് ദനഹായെന്നും അവിടെയാണ് ആ കുഞ്ഞ് പരിശുദ്ധത്രിത്വത്തെ ഉൾക്കൊള്ളുന്നതെന്നും ആരും മനസ്സിലാക്കുന്നില്ല. ഇതെല്ലാം വേണ്ടരീതിയിൽ പഠിപ്പിക്കാതെ വീട്ടിൽ ഒരു വിരുന്ന് വിളമ്പുന്നതാണ് മാമ്മോദീസ എന്ന രീതിയിൽ ആയിത്തീർന്നിരിക്കുന്നു.

നിത്യതയുടെ കാതലായ പരിശുദ്ധത്രിത്വത്തെക്കുറിച്ചു നാം ചിന്തിക്കണം. ഈശോ വെള്ളത്തിലിറങ്ങിയപ്പോൾ അതാണു സംഭവിച്ചത്. സ്വർഗം തുറന്നു, ദൈവത്തിന്റെ ആത്മാവ് ഇറങ്ങിവന്നു. ദൈവപിതാവിന്റെ സ്വരം കേട്ടു. അതാണ് പരിശുദ്ധത്രിത്വം – ഈശോയും റൂഹായും ദൈവപിതാവും. ഇതാണ് മാമ്മോദീസാ എന്നു പഠിപ്പിക്കാതെ ആഘോഷങ്ങളിലേക്കു വഴുതിമാറുമ്പോൾ നമ്മുടെ ആധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം നാം വിട്ടുകളയുകയാണ്.

ഹൃദയപരിവർത്തനത്തിലേക്കു വിശ്വാസികളെ നയിക്കണം. പരിശുദ്ധപിതാവുതന്നെ പറഞ്ഞു. ശരീരമാണ് ദൈവാലയമെങ്കിൽ ഹൃദയമാണ് അൾത്താര. ഓരോ വ്യക്തിയും അങ്ങനെയാണ്. അങ്ങനെയുള്ള അടിസ്ഥാനപരമായ ചിന്തകൾ നമ്മെ പഠിപ്പിക്കുന്നതിനുള്ള ഏറ്റവും വലിയ തിരുനാളാണിത്. ഈശോ യോഹന്നാന്റെ മുമ്പിൽ വന്നപ്പോൾ സ്വാഭാവികമായി യോഹന്നാന് അതു പ്രയാസമുണ്ടാക്കി. ഇന്നത്തെ തിരുവചനത്തിൽ നാം കേട്ടു: നിന്നിൽനിന്നു ഞാനല്ലയോ മാമ്മോദീസാ സ്വീകരിക്കേണ്ടത്? നീ എന്നിൽനിന്നു മാമ്മോദീസാ ആവശ്യപ്പെടുന്നത് പ്രയാസമുള്ള കാര്യമാണ് എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ നോക്കിയപ്പോൾ ഈശോ പറഞ്ഞു: "ഇപ്പോൾ ഇത് സമ്മതിക്കുക." ഇത് ലോകത്തിന്റെ അവസാനംവരെ കേൾപ്പിക്കുന്ന ഒരു സ്വരമാണ്. ഏറ്റവും വലിയ 'ഫീസ്റ്റ് ഡേ' ആയി ഈ തിരുനാൾ മാറുന്നതും ഈ തിരുവചനംകൊണ്ടാണ്. ഈ വചനം എല്ലാ ക്രൈസ്തവരുടെയും മാമ്മോദീസായുടെ അടിസ്ഥാനപരമായ സംഗതിയായി മാറുകയാണ്.

ഹെബ്രായലേഖനകർത്താവ്, 10:7 ൽ പറഞ്ഞിരിക്കുന്നു: "പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു." 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞ പരിശുദ്ധ അമ്മയുടെയും മനോഭാവം അതായിരുന്നല്ലോ.

പൂർവകാലങ്ങളിൽ വിശേഷവിധിയായും കർത്താവ് ജോർദാൻ നദിയിൽ ഇറങ്ങിയതിന്റെ ഓർമയായിട്ടും രാക്കുളിത്തിരുനാൾ നടത്തുമായിരുന്നു. രാക്കുളി – രാത്രിയിലുള്ള കുളി – നമ്മുടെ ഈ കിഴക്കൻ പ്രദേശങ്ങളിൽ, മീനച്ചിലാറിനോടു ബന്ധപ്പെട്ടു കിടന്ന പള്ളികളിലെല്ലാം നടത്തിയിരുന്നു. ഈശോ ജോർദാനിൽ വന്ന് മുങ്ങി എഴുന്നേറ്റു നിന്നതുപോലെ നമ്മുടെ കുടുംബങ്ങളിലെ പുരുഷന്മാർ മീനച്ചിലാറ്റിൽ ഇറങ്ങി മുങ്ങിക്കുളിച്ച് ദേഹശുദ്ധി വരുത്തി പള്ളിയിൽ കയറുന്ന പാരമ്പര്യമാണ് രാക്കുളിത്തിരുനാൾ. നസ്രാണികളുടെ ഈറ്റില്ലമെന്നു വിശേഷിപ്പിക്കുന്ന മീനച്ചിൽ താലൂക്കിന്റെ ഏറ്റവും സജീവത്തായ ഓർമയാചരണമാണിത്. യഹൂദ, ഭാരതീയപാരമ്പര്യങ്ങളുടെ തുടർച്ചയാണിത്. നസ്രാണിത്വത്തിന്റെ സ്വത്വമാണ് വെള്ളവസ്ത്രമണിഞ്ഞ് കുളിച്ച് ദേഹശുദ്ധി വരുത്തി പള്ളിയിൽ കയറണമെന്ന പാരമ്പര്യം. രാക്കുളിത്തിരുനാളിൽ ഈ പാരമ്പര്യമാണ് ഇന്നും ആചരിക്കപ്പെടുന്നത്. ■

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

# നിഖ്യാ കൗൺസിലിന്റെ ചരിത്രപശ്ചാത്തലം



ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ

1


**ക**ത്തോലിക്കാസഭയുടെ ഇതുവരെയുള്ള 21 സാർവത്രിക സൂനഹദോസുകളിൽ ആദ്യത്തെ എട്ടെണ്ണത്തെ സഭയുടെ പ്രാചീനകാല കൗൺസിലുകൾ എന്നാണു വിളിക്കുന്നത്. റോമാ, ബൈസന്റൈൻ ചക്രവർത്തിമാരാണ് ഇതു വിളിച്ചുകൂട്ടിയത്. ഇവയെല്ലാം നടന്നതും പൗരസ്ത്യറോമാസാമ്രാജ്യത്തിലെ ഒരു രാജ്യമായിരുന്ന ഏഷ്യാമൈനറിലെ നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, എഫേസൂസ്, കാൽസിഡൻ എന്നീ പട്ടണങ്ങളിലായിരുന്നു. ഈ എട്ട് കൗൺസിലുകൾ ഇതിനുശേഷം നടന്നവയിൽനിന്നു കുറേയൊക്കെ വ്യത്യസ്തമാണ്. കാരണം, പിന്നീടുള്ളവ മാർപാപ്പാമാരാണ് വിളിച്ചുകൂട്ടിയത്. ഇങ്ങനെ ആദ്യത്തെ എട്ടു കൗൺസിലുകളെ, അവയുടെ വിളിച്ചുകൂട്ടൽ, നടത്തപ്പെട്ട സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ ഒറ്റയൂണിറ്റായി കണക്കാക്കാമെങ്കിലും ഇവയിൽ ആദ്യത്തെ നാല് കൗൺസിലുകളാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നവ. അവയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഗ്രിഗറി ഏഴാമൻ മാർപാപ്പാ നാലു കൗൺസിലുകളെ നാലു സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്താറുണ്ട്. സഭയുടെ അടിസ്ഥാനവിശ്വാസസംഹിതകൾ ഇവയിലാണു നിർവചിക്കപ്പെട്ടതും നല്കപ്പെട്ടതും. ത്രിത്വം, മനുഷ്യാവതാരം, ഈശോയുടെ സ്വഭാവം, വ്യക്തിത്വം തുടങ്ങിയ അടിസ്ഥാനവിശ്വാസ സംബന്ധമായ കാര്യങ്ങളാണ് ഇവയിൽ പ്രധാനമായി പ്രതിപാദിക്കപ്പെടുന്നത്. ഈ നാലു സൂനഹദോസുകളിൽ ചർച്ചചെയ്യപ്പെട്ട മറ്റു കാര്യങ്ങൾക്കു രണ്ടാം സ്ഥാനമേയുള്ളൂ. എന്നാൽ, ഇവ വിളിച്ചുകൂട്ടിയത് ചക്രവർത്തിമാരായതിനാൽ ഇതിന്റെ പ്രാധാന്യം ഒട്ടും കുറയുന്നില്ല. റോമാചക്രവർത്തിമാർ ഇവ വിളിച്ചുകൂട്ടാനുള്ള സാഹചര്യം വളരെ പ്രത്യേകമാണ്.

കോൺസ്റ്റന്റയിൻചക്രവർത്തിയുടെ കാലംവരെ സഭയ്ക്കു മതമർദനങ്ങളുടെ കാലമായിരുന്നു. അദ്ദേഹമാണ് മതമർദനങ്ങൾ നിയമപരമായി അവസാനിപ്പിച്ച് സഭയ്ക്കു റോമാസാമ്രാജ്യത്തിൽ ഔദ്യോഗികമായി അംഗീകാരം നല്കിയത്. അദ്ദേഹമാണ് സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കാനും വളരാനും അവസരമൊരുക്കിയത്. അതിനുമുമ്പുതന്നെ വിവിധ പട്ടണങ്ങൾ അഥവാ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് സഭ വളർന്നുകൊണ്ടിരുന്നത്. റോം, അലക്സാണ്ട്രിയ, അന്ത്യോക്യാ, എദ്ദേസാ, ഹെരാക്ലിയ, അർബേല എന്നിവ ഉദാഹരണങ്ങളാണ്. മറ്റു സ്ഥലങ്ങളിലെ സഭകളും ഇവയോടു ബന്ധപ്പെട്ടാണു വളർന്നുവന്നത്. റോമിലെ സഭയ്ക്ക് മാർപാപ്പാ നേതൃത്വം കൊടുത്തിരുന്നതുപോലെ മറ്റു പ്രധാനകേന്ദ്രങ്ങളിലെ സഭകൾക്കും അവയോടു ബന്ധപ്പെട്ടിരുന്ന സഭകൾക്കും നേതൃത്വം കൊടുത്തിരുന്നത് അവിടെയുള്ള മെത്രാപ്പോലീത്താമാരായിരുന്നു. അവരാണ് പിന്നീട് പാത്രിയർക്കീസുമാരായിത്തീർന്നത്. എന്നാൽ, ഇവയെല്ലാം ഒരുപോലെ ഒരുമിച്ചു പ്രവർത്തിക്കേണ്ട അവസരങ്ങൾ ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല, അതിന്റെ ആവശ്യവുമില്ലായിരുന്നു. ഇവയെ ഒരുമിപ്പിച്ചിരുന്ന ഘടകമായി പ്രവർത്തിച്ചത് റോമാചക്രവർത്തിമാരായിരുന്നു. കോൺസ്റ്റന്റൈനോടുകൂടിയാണ് ഈ സ്ഥിതിവിശേഷം സംജാതമായത്. അതുകൊണ്ടാണ്, സഭയിൽ ചില പ്രശ്നങ്ങൾ ഉരുത്തിരിഞ്ഞപ്പോൾ ചക്രവർത്തിമാർതന്നെ എല്ലാ സഭകളെയും ഒരുമിച്ചുകൂട്ടാൻ താത്പര്യം കാണിച്ചതും മുൻകൈയെടുത്തതും.

### 1. ദൈവശാസ്ത്രചിന്തകളുടെ തുടക്കം

'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' മാമ്മോദീസാ സ്വീകരിച്ചവരാണ് ആദ്യകാലങ്ങളിൽ സഭയിൽ അംഗങ്ങളായിക്കൊണ്ടിരുന്നത്. ഈ സഭയുടെ നാഥൻ (kyrios) ക്രിസ്തു എന്ന ചരിത്രവ്യക്തിയാണെന്നും, എന്നാൽ അതേസമയം ദൈവത്തിന്റെ അടുത്ത് ആയിരിക്കുന്നവനാണെന്നും ആദിമ ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. എന്നാൽ, രണ്ടാം നൂറ്റാണ്ടുമുതൽ ഈ ക്രിസ്തുവിനെക്കുറിച്ചു കൂടുതൽ ചിന്തിക്കാനും പ്രസംഗിക്കാനും തുടങ്ങി. ഈ ക്രിസ്തു ആരാണ്? പിതാവിന്റെതന്നെ ഭാഗമാണോ? പിതാവിൽനിന്നു വ്യത്യസ്തനാണോ? ത്രിത്വത്തിലെ മൂന്നു പേർ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു? അവരെ വ്യത്യസ്തരാക്കുന്നത് എന്താണ്? ക്രിസ്തുവിന് ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടോ? ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടെങ്കിൽ അവയ്ക്കു തുല്യമായ വ്യക്തിത്വങ്ങളുണ്ടോ? ഗ്രീക്ക് തത്ത്വചിന്ത പഠിപ്പിക്കുന്ന വചന(Logos)ത്തിന് ലോകത്തിന്റെ സ്രഷ്ടാവിൽനിന്നുള്ള വ്യത്യാസമെന്താണ്? ക്രിസ്തുവിന്റെ സ്ഥാനം ദൈവത്തോടു ചേർന്നാണോ? അതോ, ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കാണോ? ഇതിന് ഉത്തരമായി സബേല്ലിയൂസ് പറഞ്ഞു: 'പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ മൂന്നു രൂപങ്ങളാണ്' (modes, manifestations). ആരിയൂസ് എന്ന വൈദികൻ, ഈ കാലത്ത് തന്റെ ഗുരുവായ അന്ത്യോക്യായിലെ ലൂഷ്യന്റെ ആശയത്തോടു യോജിച്ചുകൊണ്ട് വളരെ വ്യത്യസ്തമായ കാഴ്ചപ്പാടു വ്യക്തമാക്കി. അതാണ് പിന്നീട് ആര്യനിസം എന്ന പേരിലറിയപ്പെട്ട പാഷണ്ഡത ആയിത്തീർന്നത്.

ത്രിത്വത്തിലെ മൂന്ന് ആളുകളെപ്പറ്റി, പ്രത്യേകിച്ച് മനുഷ്യനായി അവതരിച്ച പുത്രനെപ്പറ്റി അതുവരെ ആരും ഗൗരവമായി ചിന്തിക്കാനോ പറയാനോ ധൈര്യപ്പെടാതിരുന്ന കാലത്താണ് ആരിയൂസ് അതിനു മുതിർന്നത്. അദ്ദേഹത്തിന്റെ പഠനങ്ങൾ പിന്നീട് സഭ ഔദ്യോഗികമായി തള്ളിക്കളഞ്ഞെങ്കിലും ദൈവശാസ്ത്രപഠനത്തിനും വിചിന്തനത്തിനും വഴിതുറന്നത് അദ്ദേഹമാണ്. അതിന് ആദ്യം ധൈര്യപ്പെട്ടത് അദ്ദേഹമാണ് എന്നതാണ് ആരിയൂസിന്റെ പ്രസക്തി. പുത്രനു പിതാവിനോടുള്ള ബന്ധം എന്താണ്; പുത്രൻ എങ്ങനെ പിതാവിൽനിന്നു വ്യത്യസ്തനായിരിക്കുന്നു; പുത്രന് ഏതെല്ലാം കാര്യങ്ങളിലാണ് പിതാവിനോടു സാദൃശ്യം തുടങ്ങിയ കാര്യങ്ങളാണ് അദ്ദേഹം ആദ്യമായി വിചിന്തനം ചെയ്തത്. ഗ്രീക്ക് തത്ത്വശാസ്ത്രത്തിലെ 'സബ് ഓർഡിനേഷനിസം' എന്ന തത്ത്വമാണ് തന്റെ ചിന്തയ്ക്ക് ഉപോദ്ബലകമായി അദ്ദേഹം സ്വീകരിച്ചത്.



### 2. ആര്യനിസം

ഈ തത്ത്വമനുസരിച്ച്, പുത്രൻ പിതാവിനെക്കാൾ ഒരു പടി താഴെയാണ് അഥവാ പിതാവിനെക്കാൾ താഴ്ന്നവനാണ് (subordinate). എങ്കിൽ, പുത്രൻ (വചനം) പിതാവിനോടു സദൃശനല്ല. ദൈവം അമർത്ത്യനാണ്; പുത്രൻ മർത്ത്യനാണ്. അതുകൊണ്ടാണ് പുത്രൻ മരിച്ചത്. പിതാവിന്റെ വിശേഷണമായ നിത്യത (eternity) പുത്രനില്ല. കാരണം, പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. എങ്കിൽ, അമർത്ത്യന്റെയും (ദൈവം) മർത്ത്യന്റെയും (പുത്രൻ) സത്ത (substance) ഒന്നല്ല. അതായത്, പിതാവിന്റെ സത്തയല്ല വചനമായി അവതരിച്ച പുത്രന്. പുത്രൻ നിത്യനല്ലെങ്കിൽ പിന്നെ ഒരു സൃഷ്ടിമാത്രമാണ്. എന്നാൽ, ഏറ്റവും നല്ല സൃഷ്ടി; കാരണം, ഈ സൃഷ്ടിയെ ഉപയോഗിച്ചാണു ദൈവം ബാക്കി എല്ലാറ്റിനെയും സൃഷ്ടിച്ചത്. പിതാവ് പുത്രനെ ഇല്ലായ്മയിൽനിന്നാണ് സൃഷ്ടിച്ചത്. അതു പുത്രന്റെ മഹത്ത്വം വർധിപ്പിക്കുന്നു. പുത്രൻ പിതാവിൽനിന്നു വ്യത്യസ്തനാണ്, എന്നാൽ, ഈ പുത്രൻ പിതാവിനോടു ബന്ധപ്പെട്ടിരിക്കുന്നു. കാരണം, ആദ്യസൃഷ്ടിയായ, ശ്രേഷ്ഠസൃഷ്ടിയായ ഈ പുത്രന്റെ മഹത്ത്വം കൊണ്ട് പിതാവ് പുത്രനെ ദത്തെടുത്തിരിക്കുന്നു എന്നു പറയാം. അതിനാൽ പിതാവും പുത്രനും തമ്മിലുള്ള ബന്ധം ഇച്ഛയുടേതാണ്; അതായത്, പിതാവിന്റെ ഇച്ഛയോടു യോജിക്കുന്ന പുത്രൻ. അഥവാ രണ്ടുപേർക്കും ഒരേ ഇച്ഛയാണുള്ളത്. ഒരേ ഇച്ഛയുള്ള, അതേസമയം ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടിയായ ഈ വചനത്തെ പിതാവ് പ്രത്യേക വരത്താൽ പുത്രനായി സ്വീകരിച്ചിരിക്കുന്നു. അവനെ വേണമെങ്കിൽ പുത്രനെന്നു വിളിക്കാം. എന്നാൽ, കൃത്യമായ അർഥത്തിലല്ല; ആലങ്കാരികമായി (metaphorically) അഥവാ ധാർമികമായി (morally) മാത്രം.

തന്റെ പല പ്രസംഗങ്ങളിലൂടെയും കവിതകളിലൂടെയും ആരിയൂസ് ഈ നവീനാശയം പ്രചരിപ്പിച്ചു. ഇതുവരെ ആരും പറയാത്തതും പഠിപ്പിക്കാത്തതുമായ വചനത്തെ സംബന്ധിക്കുന്ന ഇക്കാര്യങ്ങൾ ശ്രോതാക്കൾക്കു സ്വീകാര്യമായിത്തോന്നി. 315 ലാണ് അദ്ദേഹം ഇക്കാര്യങ്ങൾ ആദ്യമായി പഠിപ്പിച്ചുതുടങ്ങിയത്. 'താലിയ' എന്ന ഒരു കൃതിയിലാണ് അദ്ദേഹം തന്റെ പഠനങ്ങൾ ആദ്യമായി പ്രസിദ്ധീകരിച്ചത്. എന്നാൽ, താമസിയാതെതന്നെ അദ്ദേഹത്തിന്റെ പഠനങ്ങൾ അധികാരികൾക്ക് അസ്വീകാര്യമായിത്തോന്നി. അലക്സാണ്ട്രിയായിലെ ബിഷപ്പായിരുന്ന അലക്സാണ്ടർ 318-ൽ ഒരു സിനഡ് വിളിച്ചുകൂട്ടി ആരിയൂസിന്റെ ആശയങ്ങൾ തെറ്റാണെന്നു പ്രഖ്യാപിക്കുകയും അദ്ദേഹത്തെ പുറംതള്ളുകയും ചെയ്തു. നൂറു വൈദികർ (presbyters) ഇതിൽ പങ്കെടുത്തുവെന്നാണു ചരിത്രം പറയുന്നത്.

ആരിയൂസിന്റെ പഠനങ്ങൾ അലക്സാണ്ട്രിയൻഭരണാധികാരികൾക്കു സ്വീകാര്യമായിരുന്നില്ല എങ്കിലും, മറ്റു പല കേന്ദ്രങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ആശയങ്ങൾക്കു വലിയ സ്വീകരണം ലഭിച്ചു. നിക്കോമേദിയായിലെ മെത്രാനായിരുന്ന എവുസേബിയൂസ് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ച ഒരു വലിയ വ്യക്തിയായിരുന്നു. അദ്ദേഹം ഒരു കൗൺസിൽ വിളിച്ചുകൂട്ടി ആരിയൂസിന്റെ പഠനങ്ങളെ അനുകൂലിച്ചു. അധികാരികളുടെ ഈ വ്യത്യസ്തകാഴ്ചപ്പാടുകൾ ദൈവശാസ്ത്രപരമായിരുന്നില്ല; രാഷ്ട്രീയമായിരുന്നു എന്നാണ് പിന്നീടുള്ള ചരിത്രം വ്യക്തമാക്കുന്നത്. ആരിയൂസിന്റെ പഠനങ്ങൾക്കു കൂടുതൽ പ്രചാരം ലഭിച്ചുകൊണ്ടിരുന്നു. അന്നത്തെ ചക്രവർത്തിയുടെ ഒരു വിശ്വസ്ത ഉപദേഷ്ടാവായിരുന്ന കൊർദോവയിലെ ഹോസിയൂസ് മെത്രാൻ ആരിയൂസുമായി ഒരു മധ്യസ്ഥശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. സഭയിൽ ആരിയൂസിന്റെ പഠനങ്ങൾ സ്വീകരിക്കുന്നവരും അല്ലാത്തവരും എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായി. അലക്സാണ്ട്രിയായിലെ മെത്രാൻ അലക്സാണ്ടറിനെയും കൊർദോവായിലെ മെത്രാൻ ഹോസിയൂസിനെയും കൂടാതെ ആരിയൂസിനെ എതിർത്ത പ്രമുഖരിൽ ഒരാളാണ് അത്തനേഷ്യസ്. നിക്കോമേദിയായിലെ മെത്രാനായിരുന്ന എവുസേബിയൂസ് ആരിയൂസിന്റെ ആശയങ്ങൾ സ്വീകരിച്ച പ്രമുഖരിൽ ഒരാളാണെങ്കിൽ, കേസറിയായിലെ എവുസേബിയൂസ് ഒരു മധ്യസ്ഥനിലപാടാണു പുലർത്തിയത്. അങ്ങനെ അന്നു സഭയിൽ ഈ പുതിയ ആശയങ്ങളുടെ ഫലമായി വളരെയേറെ അസ്വസ്ഥതകളും പ്രശ്നങ്ങളുമുണ്ടായി. ഈ പശ്ചാത്തലത്തിലാണ് അന്നത്തെ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ഒരു സാർവത്രികസൂനഹദോസുവഴി എല്ലാ മെത്രാന്മാരെയും വിളിച്ചുകൂട്ടി പ്രശ്നപരിഹാരത്തിനും സഭയിൽ ഐക്യത്തിനും സമാധാനത്തിനും ശ്രമിച്ചത്.

(തുടരും)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ദൈവമേ, അങ്ങ് എന്റെ പ്രാർഥന കേൾക്കണമേ! എന്റെ അധരങ്ങളിൽനിന്ന് ഉതിരുന്ന വാക്കുകൾ ശ്രദ്ധിക്കണമേ!

സങ്കീർത്തനങ്ങൾ 54:2

**എഡിറ്റോറിയൽ**

# കൊലപാതകരാഷ്ട്രീയത്തിന് അറുതിയുണ്ടാകണം

ജനാധിപത്യത്തിന്റെ മുന്നണിപ്പോരാളികളും കാവൽഭടന്മാരുമാകേണ്ട രാഷ്ട്രീയകക്ഷികളും പ്രവർത്തകരും പകപോക്കൽകൊലകളുടെ ഗൂഢാലോചകരും നടത്തിപ്പുകാരുമായി അവതരിക്കുന്നത് സാക്ഷരകേരളത്തിനു തീരാക്കളങ്കമാണ്. രാഷ്ട്രീയവിയോജിപ്പുകളെയും വ്യത്യസ്താശയങ്ങളെയും സഹിഷ്ണുതയോടെ കാണേണ്ടതിനുപകരം, അക്രമത്തിലേക്കും ഹിംസാത്മകപ്പോർവിളികളിലേക്കും വഴിമാറുന്നുണ്ടെങ്കിൽ അതു പക്വമായ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ അഭാവമാണെന്നു തീർത്തു പറയേണ്ടിയിരിക്കുന്നു.

കാസർകോട് പെരിയയിൽ കേരളത്തെ ഞെട്ടിച്ച ഇരട്ടക്കൊല നടന്നത് 2019 ഫെബ്രുവരി 17 നാണ്. പ്രദേശത്തെ സിപിഎം - കോൺഗ്രസ് പ്രവർത്തകർ തമ്മിലുണ്ടായിരുന്ന രാഷ്ട്രീയപ്പോര് തീവ്രരൂപം പൂണ്ടതാണ് ഇരട്ടക്കൊലയിൽ കലാശിച്ചത്. യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷ്, ശരത്‌ലാൽ എന്നിവരെയാണ് സിപിഎം ഗുണ്ടകൾ വെട്ടിക്കൊലപ്പെടുത്തിയത്.

പെരിയ ഇരട്ടക്കൊലക്കേസിൽ പത്തു പ്രതികൾക്ക് ഇരട്ട ജീവപര്യന്തവും സിപിഎം നേതാവും മുൻ എംഎൽഎയുമായ കെ.പി. കുഞ്ഞിരാമൻ ഉൾപ്പെടെ നാലു പ്രതികൾക്ക് അഞ്ചുവർഷം തടവും പിഴയും എറണാകുളം സിബിഐ പ്രത്യേക കോടതി ജനുവരി മൂന്നിന് ശിക്ഷ വിധിച്ചു. 'രാഷ്ട്രീയവൈരാഗ്യത്തിൽ പൊലിഞ്ഞത് ഊർജസ്വലരായ രണ്ടു യുവാക്കളുടെ ജീവനാണെന്നും, രണ്ടു കുടുംബങ്ങളെയാണ് തീരാദുഃഖത്തിലേക്കു തള്ളിവിട്ടതെന്നും, രാഷ്ട്രീയനശീകരണത്തിന്റെ മുളപൊട്ടലാണ് ഈ കേസ് പ്രതിഫലിപ്പിക്കുന്നതെന്നും' 307 പേജുള്ള വിധിന്യായത്തിൽ വിചാരണക്കോടതി വെളിപ്പെടുത്തി. കക്ഷിരാഷ്ട്രീയത്തിലെ അഭിപ്രായവ്യത്യാസങ്ങൾ അപരരെ കൊല്ലാനുള്ള കാരണമല്ലെന്ന വ്യക്തവും ശക്തവുമായ നീതിപീഠസന്ദേശം ആയുധം കൈയിലെടുക്കുന്ന രാഷ്ട്രീയത്തിമിരം ബാധിച്ച ഗുണ്ടകൾക്കുള്ള കടുത്ത താക്കീതാണ്.

സുപ്രീംകോടതിയുടെ നിരീക്ഷണം ഉദ്ധരിച്ച് വിധിപറഞ്ഞ സിബിഐ കോടതിയുടെ ശ്രദ്ധേയമായ ഒരു പരാമർശം കൂടി ഇവിടെ പ്രസക്തമാണ്: 'വിവിധ രാഷ്ട്രീയപ്പാർട്ടികളുടെ ഉന്നതനേതാക്കൾ വ്യക്തിവിരോധനങ്ങളൊന്നുമില്ലാതെ ഒരുമിച്ചു ഭക്ഷണം കഴിക്കുകയും സ്നേഹത്തോടെ ഇടപെടുകയും ചെയ്യാറുണ്ട്. ആരോഗ്യകരമായ ഇത്തരം പെരുമാറ്റങ്ങൾ താഴേത്തട്ടിലേക്കു പകർന്നുനൽകാൻ അവർ ശ്രമിക്കുന്നില്ലെന്നതു സങ്കടകരമാണ്.' അതായത്, രാഷ്ട്രീയനേതാക്കൾക്കില്ലാത്ത വ്യക്തിവൈരാഗ്യം എന്തിനാണ് അണികൾ ചുമന്നുകൊണ്ടുനടക്കുന്നത് എന്നതാണ് ചോദ്യത്തിന്റെ സാരം.

നേതാക്കന്മാരുടെ ചൊല്പടിക്കുള്ളിൽ അടിമകളെപ്പോലെ ദാസ്യപ്പണിയെടുക്കുന്ന കുറെ രാഷ്ട്രീയത്തൊഴിലാളികളും പ്രത്യയശാസ്ത്രത്തടവറയിൽ ചങ്ങലപ്പൂട്ടിട്ടു ബന്ധിതരായിരിക്കുന്ന കുറെ വരട്ടുസൈദ്ധാന്തികരും ചേർന്നൊരുക്കുന്ന പൊറാട്ടുനാടകത്തിന്റെ അരങ്ങിലും അണിയറയിലുമാണ് രാഷ്ട്രീയഗുണ്ടായിസം തഴച്ചുവളരുന്നത്. വെറുപ്പിന്റെ രാഷ്ട്രീയം സദാചാരത്തിന്റെ സകലസീമകളും ലംഘിച്ച് അഴിഞ്ഞാടാൻ ഭരണകൂടം കൂട്ടുനിൽക്കുമ്പോൾ ജനാധിപത്യത്തിന്റെ ശ്രീകോവിലുകളാണ് കൊട്ടിയടയ്ക്കപ്പെടുന്നത്. പെരിയ ഇരട്ടക്കൊല പാർട്ടിയുടെ പിന്തുണയോടെ നടന്ന കൊലപാതകമല്ലെന്നും ഇതുമായി പാർട്ടിക്ക് ഒരു ബന്ധവുമില്ലെന്നും സി.പി.എം. പാർട്ടിവൃത്തങ്ങൾ എത്രവട്ടം പറഞ്ഞാലും പരിഹാസച്ചിരിയോടെയല്ലാതെ കേരളജനതയ്ക്കതു കേൾക്കാനാവില്ല.

ഒഞ്ചിയത്ത് ടി.പി. ചന്ദ്രശേഖരന്റെ ശരീരത്തിലേറ്റ അമ്പത്തൊന്നു വെട്ടുകളുടെ അടയാളപ്പതിപ്പുകളുൾപ്പെടെ കേരളത്തിൽ നടന്ന കക്ഷിരാഷ്ട്രീയക്കൊലപാതകങ്ങളുടെ മുറിവോർമകൾ കേരളത്തിന്റെ മനസ്സാക്ഷിയെ വല്ലാതെ പൊള്ളിക്കുന്നുണ്ട്. ആ ഭീകരക്കൊലവിളികൾ എത്ര പഴക്കംചെന്നാലും മലയാളികളുടെ കർണപുടങ്ങളിൽ ഭീതി വിതച്ചുകൊണ്ടേയിരിക്കും. ടി.പി. വധക്കേസിൽ പ്രതികൾക്കുള്ള ശിക്ഷ വർധിപ്പിച്ചുകൊണ്ട് കഴിഞ്ഞ ഫെബ്രുവരിയിലെ ഹൈക്കോടതിവിധിയിൽ, വിയോജിപ്പുസ്വരങ്ങളെ നിശ്ശബ്ദമാക്കുന്ന കുറ്റകൃത്യങ്ങൾ ജനങ്ങൾക്കും സമൂഹത്തിനുമെതിരായ ക്രിമിനൽകുറ്റമായി കാണണമെന്ന് കോടതി ഉറപ്പിച്ചുപറഞ്ഞത് ഇവിടെ സ്മരണീയമാണ്.

ബഹുസ്വരതയ്ക്കു വാഴ്വു കൊടുക്കുന്ന ഒരു ജനാധിപത്യയുഗം പിറവിയെടുത്തെങ്കിലേ, സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും കേരളമണ്ണിൽ പുലരുകയുള്ളൂ. അപരൻ ഒരുവന്റെ ശത്രുവല്ല, മിത്രമാണെന്ന് ഉറക്കെപ്പറയുകയും സ്വത്വബോധനിർമിതിക്ക് അപരത്വം നിർണായകഘടകമാണെന്നു തിരിച്ചറിയുകയും ചെയ്യുന്ന ജനാധിപത്യവിദ്യാഭ്യാസം ഓരോ പൗരനുമുണ്ടായേ തീരൂ. ചോരചിന്തുന്ന കക്ഷിരാഷ്ട്രീയത്തിനും രാഷ്ട്രീയക്കൊലപാതകങ്ങൾക്കും അറുതിയുണ്ടാവണമെങ്കിൽ, രാഷ്ട്രീയത്തെക്കുറിച്ചും രാഷ്ട്രമീമാംസയെക്കുറിച്ചുമുള്ള സദാചാരപാഠങ്ങൾ സ്കൂൾകാലംമുതലേ കരിക്കുലത്തിന്റെ ഭാഗമായി കുട്ടികൾ പഠിച്ചുതുടങ്ങണം. രാഷ്ട്രീയമെന്നത് ബൗദ്ധികവും സർഗാത്മകവുമായ ഇടമാണെന്നും തീപാറുന്ന ചർച്ചകളും സംവാദങ്ങളുംവഴി ചിന്തകൾ പാറിപ്പറക്കേണ്ടതാണെന്നും നമ്മുടെ കുട്ടികൾ ചെറുപ്രായത്തിൽത്തന്നെ പഠിച്ചിരുന്നെങ്കിൽ, ചോരചിന്തുന്ന രാഷ്ട്രീയക്കൊലവിളികൾക്ക് നമ്മുടെ കാമ്പസുകളിലുൾപ്പെടെ അറുതിയുണ്ടാകുമായിരുന്നു!

# ജനാധിപത്യത്തെ അട്ടിമറിക്കുന്ന തിരഞ്ഞെടുപ്പുചട്ട ഭേദഗതികൾ

*(1-ാം പേജ് തുടർച്ച)*

**തിരഞ്ഞെടുപ്പു ചട്ടഭേദഗതിയുടെ പശ്ചാത്തലം**

ഈ അടുത്തുനടന്ന ഹരിയാന നിയമസഭാതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട ഹർജിയിൽ അഭിഭാഷകനായ മെഹ്മൂദ് പ്രാചനൽകിയുടെ പരാതിയിൽ വോട്ടെടുപ്പിന്റെ വീഡിയോകളും, പോൾചെയ്ത വോട്ടുകളുടെ കണക്കടങ്ങുന്ന രേഖകളും, സിസിടിവി ദൃശ്യങ്ങളടക്കം പരാതിക്കാരനു കൈമാറാൻ പഞ്ചാബ് ഹരിയാന ഹൈക്കോടതി നിർദേശിച്ചിരുന്നു. മെഹ്മൂദ് പ്രാചയ്ക്ക് വിവരം നൽകുന്നതിനെ ഹൈക്കോടതിയിൽ തിരഞ്ഞെടുപ്പു കമ്മീഷൻ ശക്തമായി എതിർത്തിരുന്നു. ആവശ്യം ദുരുദ്ദേശ്യത്തോടെയുള്ളതാണെന്നും ഹർജിക്കാരൻ ഹരിയാനക്കാരനല്ലെന്നും കമ്മീഷൻ വാദിച്ചു. എന്നാൽ, ചട്ടപ്രകാരം ഇവ നൽകാൻ കമ്മിഷനു ബാധ്യതയുണ്ടെന്ന വാദമാണ് ഹൈക്കോടതി അംഗീകരിച്ചത്. ചട്ടത്തിൽ അനുവദിക്കാത്തത് ഒഴികെയുള്ള രേഖകളെല്ലാം എട്ടാഴ്ചയ്ക്കകം നൽകാനാണ് ഉത്തരവിട്ടത്. ഇതിനു പിന്നാലെയാണു തിരഞ്ഞെടുപ്പുകമ്മീഷന്റെ ശിപാർശപ്രകാരം നിയമമന്ത്രാലയം തിരക്കിട്ടു ഭേദഗതി കൊണ്ടുവന്നത്. സർക്കാരിനു പലതും മറയ്ക്കാനുണ്ടെന്ന് ഇതു വ്യക്തമാക്കുന്നതായി പ്രതിപക്ഷകക്ഷികളും, സുതാര്യമായും സത്യസന്ധമായും തിരഞ്ഞെടുപ്പു നടത്താൻ പ്രചാരണം നടത്തുന്ന ഫോറം ഫോർ ഡെമോക്രാറ്റിക് റിഫോംസ് ഉൾപ്പടെയുള്ള സ്വതന്ത്ര സംഘടനകളും പറയുന്നു.

**സംശയമുനയിൽ തിരഞ്ഞെടുപ്പു കമ്മീഷൻ**

മഹാരാഷ്ട്ര നിയമസഭാതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോപണങ്ങളാണ് പ്രതിപക്ഷപ്പാർട്ടികൾ ഉയർത്തിയത്. തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് 2024 ജൂലൈമുതൽ നവംബർവരെ വോട്ടർപട്ടികയിൽ ഏകദേശം 47 ലക്ഷം വോട്ടർമാരുടെ അഭൂതപൂർവമായ വർധനയുണ്ടായി. ശരാശരി 50,000 വോട്ടർമാരുടെ വർധനയുണ്ടായ 50 നിയമസഭാസീറ്റുകളിൽ ഭരണമുന്നണിയായ മഹായുതി 47 സീറ്റുകളിലും വിജയിച്ചു. പതിറ്റാണ്ടുകളായി മഹാവികാസ് അഘാടിയുടെ കൈവശമിരുന്ന കുത്തക സീറ്റുകളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, പോളിംഗ് ഡാറ്റയിലെ പൊരുത്തക്കേടുകളും പ്രതിപക്ഷം ആരോപിക്കുന്നു. തിരഞ്ഞെടുപ്പുദിവസം വൈകുന്നേരം 5 മണിക്കുള്ള തിരഞ്ഞെടുപ്പു കമ്മീഷന്റെ ശരാശരി വോട്ടിങ് ശതമാനം 58.22 ശതമാനമായിരുന്നുവെങ്കിൽ ഇത് രാത്രി 11.30 ആയപ്പോഴേക്കും 65.02 ശതമാനമായും അതിനുശേഷം 66.05 ശതമാനമായും ഉയർന്നു. പോളിങ് അവസാനിച്ച മണിക്കൂറിൽ 70 ലക്ഷത്തിലധികം വോട്ടുകളാണ് രേഖപ്പെടുത്തിയത്. ഇതിൽ അസാധാരണത്വം ഉണ്ടെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. പോളിങ് സ്റ്റേഷനിലെ സി സി ടി വി ക്യാമറകൾ പരിശോധിച്ചാൽ നിജസ്ഥിതി ബോധ്യപ്പെടുമെന്നിരിക്കേ, അത് അട്ടിമറിക്കാൻ ചട്ടഭേദഗതി കൊണ്ടുവരുന്നതിൽ ദുരൂഹതയുണ്ട് എന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. ഹരിയാനനിയമസഭാതിരഞ്ഞെടുപ്പിലും സമാനമായ ആരോപണങ്ങൾ ഉയർന്നിരുന്നു. മുൻ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറായ വൈ എസ് ഖുറേഷിയും പ്രതിപക്ഷാരോപണങ്ങളെ പിന്തുണച്ചു രംഗത്തുവന്നിരുന്നു.

**ജനാധിപത്യം സംരക്ഷിക്കപ്പെടണം**

ജനാധിപത്യത്തിന്റെ അന്തസ്സത്തയ്ക്കു നിരക്കുന്നതല്ല ഈ ഭേദഗതി. ജനാധിപത്യപ്രക്രിയയുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനവും ജനങ്ങളിൽനിന്നു മറച്ചുപിടിക്കരുത്. എല്ലാം അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. തിരഞ്ഞെടുപ്പുപ്രക്രിയയിലെവിടെയെങ്കിലും സംശയം ഉടലെടുത്താൽ അതു പരിശോധിക്കാനുള്ള അവകാശവും അവർക്കുണ്ടാകണം. സാങ്കേതികതടസ്സങ്ങൾ ഉന്നയിച്ച് ജനങ്ങളുടെ ഈ അവകാശങ്ങൾക്കു കത്തിവയ്ക്കുന്നത് ജനാധിപത്യത്തിനുനേരേയുള്ള കൈയേറ്റമാണ്. വോട്ടെടുപ്പുകേന്ദ്രത്തിൽ എന്തെങ്കിലും കൃത്രിമം നടന്നതായി ആരോപിക്കപ്പെട്ടാൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപ്പടെ പരിശോധിക്കാൻ സ്ഥാനാർഥിക്കും പൊതുജനത്തിനും അനുമതി നൽകിയെങ്കിൽമാത്രമേ വോട്ടെടുപ്പിലെ സുതാര്യത ഉറപ്പുവരുത്താനാകൂ.

തിരഞ്ഞെടുപ്പിന്റെ സുതാര്യത നഷ്ടപ്പെടുത്തുകയും നിഷ്പക്ഷതയിൽ സംശയം ജനിപ്പിക്കുകയും ചെയ്യുന്ന നടപടികളാണ് തുടർച്ചയായി കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്നത്. മുഖ്യതിരഞ്ഞെടുപ്പു കമ്മീഷണർമാരെ നിയമിക്കുന്നതിനുള്ള സമിതിയിൽനിന്ന് സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റീസിനെ ഒഴിവാക്കിയ നിയമനിർമാണം തന്നെ ഉദാഹരണം. തിരഞ്ഞെടുപ്പു കമ്മീഷണർമാരുടെ നിയമനം ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണെന്നും ജുഡീഷ്യറിക്ക് അതിൽ പങ്കില്ലെന്നുമുള്ള വരട്ടുന്യായം പറഞ്ഞാണ് സമിതിയിൽനിന്നു ചീഫ് ജസ്റ്റീസിനെ ഒഴിവാക്കിയത്. ഇതോടെ സർക്കാരിന്റെ ഇഷ്ടത്തിനു തുള്ളുന്ന പാവകളായി തിരഞ്ഞെടുപ്പു കമ്മീഷൻ മാറി. അതിന്റെ തുടർച്ചയാണ് ഇപ്പോൾ വന്നിരിക്കുന്ന തിരഞ്ഞെടുപ്പുചട്ടഭേദഗതികൾ.

□




**ജനുവരി 19**
**ദനഹാക്കാലം**
**മൂന്നാം ഞായർ**

**സംഖ്യ 11:11–20**
**ഏശ 45:18–46:4**
**ഹെബ്രാ 4:1–10**
**യോഹ 1:29–34**



# പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

ഇന്നത്തെ ദൈവവചനവായനകളെല്ലാം വഹിച്ചുകൊണ്ടുപോകുന്നതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ഒന്നാമത്തെ വായനയിൽ (സംഖ്യ 11:11–20), മോശ ഇസ്രയേൽജനത്തെ വഹിച്ചുകൊണ്ടുപോകുന്നതിലെ കഷ്ടപ്പാടും ഭാരവും തനിക്കു താങ്ങാവുന്നതിലുമധികമാണ് എന്നു പറഞ്ഞ് ആവലാതിപ്പെടുന്നു. രണ്ടാമത്തെ വായനയിൽ (ഏശ. 45:18–46:4), ഏശയ്യാപ്രവാചകൻ ഇസ്രയേൽജനത്തെ വിഗ്രഹങ്ങൾ ചുമലിലേറ്റി നടക്കുന്ന അജ്ഞരായും (ഏശ. 45:20), ജനതകളെ തങ്ങളുടെ വിഗ്രഹങ്ങൾ കന്നുകാലികളെക്കൊണ്ടും മൃഗങ്ങളെക്കൊണ്ടും സംവഹിപ്പിച്ച് അവയ്ക്കു പിമ്പേ നടക്കുന്നവരായും (ഏശ 46:1), ഇസ്രായേലിന്റെ കർത്താവായ ദൈവത്തെ, തന്റെ ജനത്തെ ചുമലിലേറ്റി സംരക്ഷിക്കുന്ന മാതാവായും പിതാവായും അവതരിപ്പിക്കുന്നു. സുവിശേഷത്തിൽ (യോഹ. 1:29–38), കർത്താവീശോമിശിഹായെ ലോകപാപങ്ങൾ സംവഹിക്കുന്ന കുഞ്ഞാടായും, ലേഖനത്തിൽ (ഹെബ്രാ. 4:1–10), ദൈവജനത്തിനു വിശ്രമം നല്കുന്ന രക്ഷകനായും അവതരിപ്പിക്കുന്നു.

മോശ ജനത്തെ വഹിച്ചുതളരുമ്പോൾ ദൈവകൃപയ്ക്കായി പ്രാർഥിക്കുന്നു. ഭാരം വഹിച്ചു തളരുന്ന മോശയ്ക്കു സഹായികളായി ദൈവത്തിന്റെ നിർദേശപ്രകാരം മോശ തിരഞ്ഞെടുത്ത എഴുപതുപേർക്ക് മോശയിൽ നിവസിപ്പിച്ചിരുന്ന തന്റെ ചൈതന്യത്തിൽനിന്നെടുത്തു ദൈവം നല്കുന്നു. തന്റെ കൃപയാൽ മോശയുടെ ഭാരം ലഘൂകരിക്കുന്നു. ദൈവികചൈതന്യവും മാനുഷികസഹകരണവുമുള്ളിടത്തു ജനം ഭാരമല്ലാതായിമാറുന്നു. ഓരോ മനുഷ്യനും ദൈവികചൈതന്യം വഹിക്കേണ്ടത് തങ്ങളുടെ ഉള്ളിലാണ്; മറിച്ച്, വിഗ്രഹങ്ങളിൽ ശ്രദ്ധ വയ്ക്കുന്നവരും അതു ചുമന്നുകൊണ്ടു നടക്കുന്നവരും അജ്ഞരും പരിക്ഷീണിതരായി ഭാരം വഹിക്കുന്ന മൃഗങ്ങൾപോലെയുമാണ്. അവ കുമ്പിട്ടുപോകുന്നു. അപ്രകാരമുള്ള വിഗ്രഹങ്ങൾക്കു മനുഷ്യനെ വഹിക്കാനോ തങ്ങളുടെ ചൈതന്യം മനുഷ്യനിൽ നിവസിപ്പിക്കാനോ സാധിക്കുകയില്ല. വിളിച്ചപേക്ഷിക്കുമ്പോൾ ഉത്തരമരുളാനോ ക്ലേശങ്ങളിൽ രക്ഷ നല്കാനോ സാധിക്കാത്തവരാണ് അവർ. കാരണം, അവയ്ക്കു ജീവനില്ല. അവയ്ക്ക് ആരെയും വഹിക്കാൻ സാധ്യമല്ല. അവയ്ക്കു ജനത്തിന്റെ പക്കലേക്ക് ഇറങ്ങിവരാൻ സാധ്യമല്ല. അവ കരവേലകൾമാത്രമാണ്, ദൈവമല്ല.

എന്നാൽ, ഇസ്രയേലിന്റെ ദൈവമായ കർത്താവ് ജനത്തിന്റെ പക്കലേക്ക് ഇറങ്ങിവരുന്നവനാണ്, അവരിൽ വസിക്കുന്നവനാണ്, അവരുടെകൂടെ നടക്കുന്നവനാണ്. കാരണം, അവിടുന്ന് നീതിമാനും രക്ഷകനുമായ ദൈവമാണ്. ദൈവം നമ്മെ വഹിക്കുന്നത് ആയാസരഹിതമാക്കാനാണ്. കർത്താവീശോ നമ്മുടെ പാപങ്ങൾ തന്റെ ചുമലിൽ വഹിക്കുന്നത് നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ്.

ദൈവം നമ്മെ വഹിക്കുന്നുവെന്നും ഈശോ നമ്മുടെ പാപങ്ങൾ ഏറ്റെടുക്കുന്നുവെന്നുമുള്ള കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ ദൈവം തന്റെ ജനത്തിനു നല്കുന്ന വിശ്രമം (ഹെബ്രാ. 4:1) എന്ന ആശയം വ്യക്തമാകും. ദൈവം നമ്മെ ചുമലിൽ വഹിക്കുകയും കർത്താവീശോ നമ്മുടെ പാപങ്ങൾ വഹിക്കുകയും ചെയ്യുമ്പോൾ നമ്മൾ സ്വതന്ത്രരും കർത്താവു നിശ്ചയിച്ചിരിക്കുന്ന വിശ്രമത്തിനർഹരുമാവും.

**ഓരോ മനുഷ്യനും ദൈവികചൈതന്യം വഹിക്കേണ്ടത് തങ്ങളുടെ ഉള്ളിലാണ്; മറിച്ച്, വിഗ്രഹങ്ങളിൽ ശ്രദ്ധ വയ്ക്കുന്നവരും അതു ചുമന്നുകൊണ്ടു നടക്കുന്നവരും അജ്ഞരും പരിക്ഷീണിതരായി ഭാരം വഹിക്കുന്ന മൃഗങ്ങൾപോലെയുമാണ്.**

ജനത്തിന്റെ പാപം വഹിച്ച്, അവരെ രക്ഷിച്ച് പറുദീസായിലെ വിശ്രമത്തിനു യോഗ്യമാക്കുന്നതിനു മണ്ണിലിറങ്ങിവന്ന ദൈവപുത്രനായ ഈശോയെ സ്നാപകയോഹന്നാൻ ജനത്തിനു പരിചയപ്പെടുത്തിക്കൊടുക്കുന്ന രംഗമാണ് ഇന്നത്തെ സുവിശേഷഭാഗം. യോഹന്നാൻ പറഞ്ഞു: പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. ഇസ്രായേൽക്കാർക്കു വളരെ പരിചയമുള്ളതായിരുന്നു പാപം നീക്കുന്ന കുഞ്ഞാട്. ഇസ്രയേൽക്കാർ പാപമോചനം നേടിയിരുന്നതു കുഞ്ഞാടിനെ ബലിയർപ്പിച്ചുകൊണ്ടായിരുന്നു. ഇസ്രയേലിന്റെ പാപപരിഹാരബലിയർപ്പണത്തിനു സാധാരണ രണ്ടു കുഞ്ഞാടുകളെ ഉപയോഗിച്ചിരുന്നു. ഒന്നാമത്തെ കുഞ്ഞാടിനെ കൊണ്ടുവന്നിട്ട് അതിന്റെമേൽ കൈകൾവച്ചു തങ്ങളുടെ പാപങ്ങളെല്ലാം അതിന്റെമേൽ ആരോപിച്ച് ആ കുഞ്ഞാടിനെ വിജനപ്രദേശത്തു കൊണ്ടുപോയി വിട്ടിരുന്നു. വന്യമൃഗങ്ങൾ ആ കുഞ്ഞാടിനെ പിച്ചിച്ചീന്തുന്നതുവഴി തങ്ങളുടെ പാപങ്ങൾ മോചിച്ചിരുന്നതായി അവർ വിശ്വസിച്ചിരുന്നു. രണ്ടാമത്തെ കുഞ്ഞാടിനെ ബലിയർപ്പിച്ച് കൃതജ്ഞതാസ്തോത്രബലിയും അർപ്പിച്ചിരുന്നു. സ്നാപകയോഹന്നാന്റെ ശ്രോതാക്കൾക്കും പാപം നീക്കുന്ന ഈ കുഞ്ഞാടിനെ സുപരിചിതമായതുകൊണ്ടാണ് ലോകത്തിന്റെ പാപം നീക്കാൻ വന്ന ദൈവപുത്രനെ പാപം നീക്കുന്ന കുഞ്ഞാട് എന്നു വിളിച്ചത്. പഴയ നിയമത്തിലെ കുഞ്ഞാട് ആരെല്ലാം അതിന്റെമേൽ കൈകൾ വയ്ക്കുന്നുവോ അവരുടെ പാപങ്ങളാണു മോചിച്ചിരുന്നത്. എന്നാൽ, ദൈവത്തിന്റെ കുഞ്ഞാട് ലോകത്തിന്റെ മുഴുവൻ പാപങ്ങൾ നീക്കുന്നതായിരുന്നു.

സ്നാപകയോഹന്നാന്റെ പരിചയപ്പെടുത്തൽ ക്രിസ്തുവിന്റെ ജീവിതത്തിൽ പൂർത്തിയാവുന്നതു കണ്ടെത്താൻ സാധിക്കും. പീലാത്തോസിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ ലോകത്തിന്റെ പാപങ്ങൾ ഒന്നിനു പിറകേ ഒന്നായി അവന്റെമേൽ ആരോപിക്കുന്നുണ്ട്. പഴയനിയമത്തിൽ പാപമില്ലാത്ത ആടിന്റെമേൽ പാപങ്ങൾ ആരോപിച്ചതുപോലെ, പഴയനിയമത്തിന്റെ പൂർത്തീകരണമെന്ന നിലയിൽ പുതിയ നിയമത്തിൽ പാപമില്ലാത്ത ഈശോയുടെമേൽ പാപങ്ങൾ ആരോപിക്കുന്നു.

കുഞ്ഞാടിനെ വിജനപ്രദേശത്തു കൊണ്ടുപോയി കൊല്ലാൻ വിട്ടിരുന്നതുപോലെ ക്രിസ്തുനാഥന്റെമേലും കുറ്റങ്ങൾ ആരോപിച്ചതിനുശേഷം വിജനപ്രദേശത്തേക്കു കൊണ്ടുപോകുന്നുണ്ട്. കാൽവരിമല വിജനപ്രദേശമാണ്. ഈശോയുടെ പ്രവർത്തനങ്ങളുടെയെല്ലാം ആമുഖമാണ് സ്നാപകയോഹന്നാന്റെ പരിചയപ്പെടുത്തലിൽ മുഴങ്ങിക്കേൾക്കുന്നത്. അവിടുത്തെ ദൈവികതയും പ്രവർത്തനങ്ങളുടെ ആധികാരികതയുമാണ് സ്നാപകയോഹന്നാൻ തന്റെ സാക്ഷ്യത്തിലൂടെ ജനത്തിനു വെളിപ്പെടുത്തിക്കൊടുത്തത്.

ലോകത്തിന്റെ പാപങ്ങൾ എന്നു പറയാതെ പാപം എന്നു പറയുന്നതിന്റെ കാരണം ആരായുന്നവരുണ്ട്. ലോകത്ത് ഒരു പാപംമാത്രമേയുള്ളൂ – ജീവനില്ലാത്ത അവസ്ഥ. അതായത്, ദൈവവുമായി ബന്ധമില്ലാത്ത അവസ്ഥ. പാപം എന്നത് പ്രവൃത്തി എന്നതിനെക്കാൾ അവസ്ഥയാണ്. പ്രവൃത്തി ഈ അവസ്ഥയുടെ പ്രകാശനമാണ്. ദൈവവുമായി ബന്ധമില്ലാത്ത അവസ്ഥ മാറ്റി ജീവൻ നല്കാൻ വന്നതാണ് ഈ കുഞ്ഞാട്. പഴയനിയമത്തിലെ പാപപരിഹാരബലിയിലെ രണ്ടാമത്തെ കുഞ്ഞാടിന്റെ ബലിയർപ്പണത്തിലൂടെ ദൈവവുമായുള്ള രമ്യപ്പെടലാണു സൂചിപ്പിച്ചിരിക്കുന്നത്. ക്രിസ്തുനാഥന്റെ ബലിയർപ്പണത്തിലൂടെ ലോകത്തെ ദൈവത്തിൽനിന്നകറ്റി നിർത്തിയിരുന്ന മറനീക്കി ദൈവവുമായി മനുഷ്യവംശത്തെ രമ്യതയിലാക്കി. ദൈവവുമായി എപ്രകാരമാണു രമ്യതയിൽ നില്ക്കേണ്ടതെന്ന് ക്രിസ്തുനാഥൻ കാണിച്ചുതരുന്നു. ആ ജീവിതപ്പാത പിന്തുടർന്നവർക്ക് പാപത്തിന്റെ അടിമത്തത്തിൽനിന്നു ദൈവപുത്രന്റെ സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കാൻ സാധിക്കും. മിശിഹായുടെ മരണത്തിലൂടെ ബറാബാസ് നേടുന്ന സ്വാതന്ത്ര്യവും, വലതുവശത്തെ കള്ളൻ കരസ്ഥമാക്കുന്ന പറുദീസായും ഇതിനുള്ള ഉദാഹരണങ്ങളാണ്.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**
(താമസിച്ചതിനു ക്ഷമാപണം)

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ലിസി**
കല്ലക്കാവുങ്കൽ, ന്യൂജഴ്സി

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മിനി**
മേലുകാവ്

നോവൽ 28

ഇഗ്നേഷ്യസ് കലയന്താനി

# കിഴക്കൻകാറ്റ്



**നാ**ളെ എൽസയുടെ വിവാഹമാണ്.

ഏറെ നാളായി ഉറങ്ങിക്കിടന്ന, കുറുക്കൻകുന്നിലെ എൽസയുടെ വീട് ശബ്ദമുഖരിതമായി. എൽസയുടെ ചേച്ചി ടെസിയും അവരുടെ രണ്ടു കുട്ടികളും രാവിലെതന്നെ എത്തിയിരുന്നു. മുറ്റത്ത് ഓടിക്കളിക്കുകയാണ് കുട്ടികൾ. കൂടെ അയൽപക്കത്തെ കുട്ടികളുമുണ്ട്.

നാലുമണി കഴിഞ്ഞപ്പോൾ മൂവാറ്റുപുഴയിൽനിന്ന് സൂസമ്മയും ജയേഷും വർഷയും എത്തി. എൽസ കാറിനടുത്തേക്ക് ഓടിവന്ന് അവരെ സ്വീകരിച്ച് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

''ജോസങ്കിൾ വരില്ലേ ആന്റീ?"

"വരും മോളേ. നാളെ രാവിലെ വരും." അവരെ സ്വീകരിച്ച് അകത്തുകയറ്റി ഇരുത്തിയിട്ട് എൽസ അടുക്കളയിലേക്കു പാഞ്ഞു. ചായയും പലഹാരങ്ങളുമെടുത്തുകൊണ്ടുവന്ന് ടീപ്പോയിൽ വച്ചിട്ട് മൂന്നുപേരെയും നോക്കി പറഞ്ഞു:

"കഴിക്ക്."

ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ടെസി അങ്ങോട്ടുവന്നു. ഒരുപാടു വർഷങ്ങൾക്കുശേഷം വീണ്ടും കാണുകയായിരുന്നു. ടെസിയും സൂസമ്മയും. സൂസമ്മ എണീറ്റ് അവളുടെ അടുത്തേക്കു വന്നു.

''എത്ര നാളായി എന്റെ മോളെ ഒന്നു കണ്ടിട്ട്. കുഞ്ഞുനാളിൽ ഇത്രേം ഒള്ളപ്പം കണ്ടതാ. ആളാകെ അങ്ങു മാറിപ്പോയല്ലോ? സുഖമല്ലേ മോളേ?"

"ഉം." ടെസി ചിരിച്ചുകൊണ്ടു തലകുലുക്കി.

"ഓർക്കുന്നുണ്ടോ എന്നെ."

"പിന്നില്ലേ! കുഞ്ഞുന്നാളിൽ ആന്റീടെ കൈപിടിച്ചു പെരുന്നാളിനു പോയതും ആന്റി പാവ വാങ്ങിത്തന്നതുമൊക്കെ മറക്കാൻ പറ്റ്വോ?"

"ഇതെന്താ എല്ലും തോലുമായിട്ടിരിക്കുന്നേ? ഭക്ഷണമൊന്നും ശരിക്കു കഴിക്കുന്നില്ലേ?"

"അതൊക്കെ ഒരു കഥയാ ആന്റീ. ഇപ്പം പറഞ്ഞാൽ എന്റെ ഒള്ള സന്തോഷംകൂടി പോകും. പിന്നെപ്പഴെങ്കിലും കാണുമ്പം പറയാം."

ടെസിയുടെ കണ്ണുനിറഞ്ഞത് സൂസമ്മ ശ്രദ്ധിച്ചു. കരഞ്ഞുപോയേക്കുമോ എന്നു തോന്നിയപ്പോൾ ടെസി മുഖം തിരിച്ചിട്ട് വേഗം അടുക്കളയിലേക്കു പോയി.

"ചേച്ചീടെ കാര്യം ആന്റിക്കറിയാല്ലോ. ഒന്നും ചോദിക്കണ്ടാട്ടോ." സ്വരം താഴ്ത്തി എൽസ പറഞ്ഞു.

''അവളുടെ ഹസ്ബന്റ് വന്നില്ലേ?" സൂസമ്മ ആരാഞ്ഞു.

"ഇല്ല. നാളെ പള്ളീലേക്കു വരുവായിരിക്കും. ങ്ഹ... ആന്റി കഴിക്ക്. പുറത്ത് എന്റെ കൂട്ടുകാരി നിഷയും ഹസ്ബന്റും വന്നിട്ടുണ്ട്. ഞാൻ അവരെ ഒന്നു സ്വീകരിക്കട്ടെ."

"ഉം." സൂസമ്മ തലകുലുക്കി.

എൽസ വെളിയിലേക്ക് ഇറങ്ങിച്ചെന്ന് നിഷയെയും ഹസ്ബൻഡിനെയും ഷേക്ക്ഹാൻഡ് നൽകി സ്വീകരിച്ചു. അകത്തു കയറ്റി ഇരുത്തി.

സൂസമ്മയും ജയേഷും വർഷയും പുറത്തേക്കിറങ്ങി ചുറ്റും നടന്നുനോക്കി. സിസിലിയുടെ ജീവൻ എടുത്ത പ്ലാവ് കോഴിക്കൂടിനു സമീപം അപ്പോഴും നീണ്ടുനിവർന്നു കിടപ്പുണ്ടായിരുന്നു. ശിഖരങ്ങളെല്ലാം വെട്ടിമാറ്റപ്പെട്ടിരിക്കുന്നു. സൂസമ്മ കുറച്ചുനേരം അവിടെ സങ്കടത്തോടെ നോക്കി നിന്നു.


''മുമ്പ് നമ്മളിവിടെ വന്നപ്പോൾ ഇവിടൊരു വ്യൂപോയിന്റ് ഉണ്ടെന്ന് എൽസ പറഞ്ഞില്ലായിരുന്നോ? അതെവിടാ ജയേഷേ?" വർഷ ചോദിച്ചു.

"കാണണോ?"

"ഉം."

"അന്ന് എൽസ കൊണ്ടെ കാണിക്കാന്നു പറഞ്ഞപ്പം എനിക്കൊന്നും കാണണ്ടാന്നു പറഞ്ഞു നീ ചവിട്ടിത്തുള്ളി പോയത് ഓർമയുണ്ടോ?"

"അന്നത്തെ വർഷയല്ലല്ലോ ഇന്നത്തെ വർഷ. എനിക്കതൊന്നു കാണണം ജയേഷ്."



"കാണിക്കാം."

അകത്തേക്കു കയറി ജയേഷ് എൽസയോട് ആഗ്രഹം പറഞ്ഞു.

"ഞാനൊരാളെ കൂട്ടിവിടാം. അവൻ കൊണ്ടെ കാണിക്കും. എനിക്കു വരാൻ പറ്റാത്ത സാഹചര്യമായതുകൊണ്ടാ. അല്ലെങ്കിൽ ഞാൻ വന്നേനെ."

"അതെനിക്കറിയാം. ഒരാളെ കൂട്ടിവിട്ടാൽ മതി."

എൽസ മുറ്റത്തേക്കിറങ്ങി നിഷയുടെ അനിയൻ അഭിഷേകിനെ വിളിച്ച് ആ ചുമതല ഏല്പിച്ചു.

അഭിഷേക് വഴികാട്ടിയായി മുമ്പിലും ജയേഷും വർഷയും പിന്നാലെയും പാറപ്പുറത്തേക്കു നടന്നു. പാറയുടെ ഓരത്തുനിന്നു ദൂരേക്കു നോക്കിയപ്പോൾ കണ്ട പ്രകൃതിദൃശ്യം വർഷയെ വല്ലാതെ ആകർഷിച്ചു.

"ഹായ്, എത്ര മനോഹരം! ഇവിടെ വന്നില്ലായിരുന്നെങ്കിൽ അതൊരു വലിയ നഷ്ടമായേനെ."

കുറേനേരം പാറപ്പുറത്തുകൂടി ചുറ്റിനടന്ന് പ്രകൃതിഭംഗി ആസ്വദിച്ചിട്ട് വീട്ടിലേക്കു മടങ്ങി. ചെന്നു കയറിയതേ എൽസ ചോദിച്ചു:

"കണ്ടോ? എങ്ങനുണ്ട്?"

"വെരി ബ്യൂട്ടിഫുൾ. പോയില്ലായിരുന്നെങ്കിൽ അതൊരു നഷ്ടമായേനെ."

എൽസയുടെ പിന്നാലെ വർഷ അടുക്കളയിലേക്കു നടന്നു. സൂസമ്മ അടുക്കളയിൽ ജോലിത്തിരക്കിലായിരുന്നു. വർഷയും അമ്മയെ സഹായിക്കാൻ കൂടി. ജയേഷ് പുറത്തേക്കിറങ്ങി കുട്ടികളുടെ കളി കണ്ടു നിന്നു.

അയൽക്കാർ പലരും വരികയും എൽസയെ കണ്ടു കുശലം പറഞ്ഞ് സന്തോഷം പങ്കുവച്ചിട്ട് മടങ്ങുകയും ചെയ്തു. ബന്ധുക്കളെന്നു പറയാൻ ആരും എത്തിയിട്ടുണ്ടായിരുന്നില്ല.

രാത്രി അത്താഴം കഴിഞ്ഞ് വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയിൽ എൽസ സൂസമ്മയോടു പറഞ്ഞു:

''നാളെ കല്യാണത്തിന് അമ്മേടെ സ്ഥാനത്ത് ആന്റി നിൽക്കണം ട്ടോ. സ്വന്തക്കാരെന്നു പറയാൻ എനിക്ക് നിങ്ങളൊക്കെയല്ലേ ഉള്ളൂ."

"നിൽക്കാം മോളേ."

"ജോസങ്കിൾ നാളെ വരില്ലേ? വരുമ്പം പറയണം പപ്പയുടെ സ്ഥാനത്ത് അങ്കിളിനോടു നിൽക്കാൻ."

"പറയാം മോളെ."

"നിങ്ങളെല്ലാരും നേരത്തേതന്നെ വന്നല്ലോ. ഒരുപാട് സന്തോഷമായീട്ടോ."

സിസിലി മരിച്ചപ്പം ഞാനും ജോസും പള്ളീൽ വന്നിരുന്നു. മോളെ അഭിമുഖീകരിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ട്, സംസാരിക്കാതെ തിരിച്ചുപോയി.

"അതൊന്നും സാരമില്ലാന്റീ. എല്ലാം കലങ്ങിത്തെളിഞ്ഞില്ലേ!"

"എന്നാ മോളു പോയിക്കിടന്നോ. ആറുമണിക്കെണീറ്റ് ബ്യൂട്ടീഷ്യന്റെ അടുക്കൽ പോകേണ്ടതല്ലേ."

"ശരി ആന്റീ."

എൽസ എണീറ്റ് കിടപ്പുമുറിയിലേക്കു പോയി. ടെസിയോട് കുറച്ചുനേരം വർത്തമാനം പറഞ്ഞിരുന്നിട്ട് സൂസമ്മയും ജയേഷും വർഷയും പോയി കിടന്നു. സൗകര്യങ്ങൾ കുറവായിരുന്നെങ്കിലും ആ വീട്ടിലെ താമസം വർഷയ്ക്ക് ഒട്ടും അരോചകമായി തോന്നിയില്ല. എല്ലാറ്റിനോടും പൊരുത്തപ്പെട്ടുപോകാൻ തക്കവിധം അവളുടെ മനസ്സു മാറിയിരുന്നു.

പുലർച്ചെ എണീറ്റ് ജയേഷ് എൽസയെ കാറിൽകയറ്റി ബ്യൂട്ടീഷ്യന്റെ വീട്ടിലെത്തിച്ചു. തിരിച്ചുവന്ന് പ്രഭാതഭക്ഷണം ഉണ്ടാക്കാനും മറ്റും ജയേഷും സഹായിച്ചു.

ഒമ്പതുമണിയായപ്പോൾ മേക്കപ്പിട്ട്, അണിഞ്ഞൊരുങ്ങി എൽസ തിരിച്ചെത്തി. സാരിയുടുത്ത് ആഭരണങ്ങളൊക്കെ ധരിച്ച് സിനിമാനടിയെപ്പോലെ അവൾ സുന്ദരിയായി നിൽക്കുന്നതു കണ്ടപ്പോൾ വർഷ പറഞ്ഞു:

"വെരി ബ്യൂട്ടിഫുൾ. ഒരുക്കിയ ബ്യൂട്ടീഷൻ കൊള്ളാം!"

എൽസ ചിരിച്ചതേയുള്ളൂ.

പ്രഭാതഭക്ഷണം കഴിച്ച് എല്ലാവരും ഡ്രസ്മാറി പോകാൻ റെഡിയായി. പതിനൊന്നരയ്ക്കാണ് വിവാഹം. മനുവിന്റെ ഇടവകപ്പള്ളിയിൽ ഫാദർ മാത്യു കുരിശിങ്കൽ ആണ് വിവാഹം ആശീർവദിക്കുന്നത്. പത്തുമണിക്കു പുറപ്പെട്ടെങ്കിലേ പതിനൊന്നരയ്ക്ക് എത്തൂ.

''ഇപ്പം എറങ്ങിയില്ലെങ്കിൽ അങ്ങെത്തുമ്പോഴേക്കും താമസിക്കും." ജയേഷിന്റെ പപ്പ ജോസ് പറഞ്ഞു.

"വാ... മോളേ... പ്രാർഥിക്കാം."

തിരി കത്തിച്ചിട്ട് സൂസമ്മ എൽസയെ വിളിച്ച് തിരുഹൃദയത്തിന്റെയും തിരുക്കുടുംബത്തിന്റെയും രൂപത്തിന്റെ മുമ്പിൽ നിറുത്തി. കൈകൂപ്പിനിന്ന് സൂസമ്മ പ്രാർഥനയ്ക്കു നേതൃത്വം നൽകി. ബൈബിൾ വായിച്ചത് വർഷയായിരുന്നു. പ്രാർഥന കഴിഞ്ഞ് എൽസ് എല്ലാവർക്കും സ്തുതി ചൊല്ലി. അതിനുശേഷം പപ്പയുടെയും അമ്മയുടെയും ഫോട്ടോയ്ക്കു മുമ്പിൽ കൈകൂപ്പിനിന്ന് തെല്ലുനേരം മൗനമായി പ്രാർഥിച്ചു.

കൃത്യം പത്തുമണിയായപ്പോൾ വീടുപൂട്ടി എല്ലാവരും വെളിയിലേക്കിറങ്ങി. ക്ഷണിക്കപ്പെട്ട അയൽക്കാരെല്ലാം അപ്പോഴേക്കും എത്തിയിരുന്നു.

ജയേഷിന്റെ കാറിലാണ് കല്യാണപ്പെണ്ണ് കയറിയത്. ആ കാറിൽ ടെസിയും സൂസമ്മയും വർഷയും കയറി. ജയേഷാണ് കാർ ഓടിച്ചത്.

പതിനൊന്നേകാലായപ്പോൾ കാർ മനുവിന്റെ ഇടവകപ്പള്ളിയിലെത്തി. പള്ളിമുറ്റത്ത് ധാരാളം ആളുകളുണ്ടായിരുന്നു. കോട്ടും സ്യൂട്ടുമിട്ട് കല്യാണവേഷത്തിൽ മനു കാത്തുനില്പുണ്ടായിരുന്നു. അയാൾ സാവധാനം വന്ന് കാറിന്റെ ഡോർ തുറന്ന് എൽസയെ കൈപിടിച്ചു പുറത്തേക്കിറങ്ങി. ഫോട്ടോഗ്രാഫർമാർ ഓടിനടന്ന് ചെരിഞ്ഞും കിടന്നും ഫോട്ടോ എടുക്കുന്ന തിരക്കിലായിരുന്നു. അവരുടെ അനുമതി കിട്ടിയപ്പോൾ മനുവും എൽസയും സാവധാനം പള്ളിക്കകത്തേക്കു നടന്നു.

പള്ളിക്കകം നിറയെ ആളുകളുണ്ടായിരുന്നു. ആശുപത്രിയിലെ ഡോക്ടർമാരും മറ്റു സ്റ്റാഫും മനുവിന്റെ ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പെടെ ഒരുപാട് ആളുകൾ.

പള്ളിക്കകത്ത്, ഏറ്റവും മുമ്പിൽ അൾത്താരയുടെ സമീപം വന്നു വധൂവരന്മാർ നിന്നു. അവർക്കു പിന്നിലായി സ്വന്തക്കാരും ബന്ധുക്കളും. എൽസയുടെ തൊട്ടുപിന്നിലായിരുന്നു സൂസമ്മയും ജോസും ജയേഷും വർഷയും നിന്നത്.

ഗായകസംഘം പ്രാർഥനാഗീതം ആലപിച്ചു. പാട്ടുതീർന്നതും കുർബാനയ്ക്കുള്ള തിരുവസ്ത്രം അണിഞ്ഞ് ഫാദർ മാത്യു കുരിശിങ്കൽ അൾത്താരയിലേക്കു വന്നു. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ വിശുദ്ധ ബലി തുടങ്ങി. മനുവും എൽസയും ഭക്തിപൂർവം ഈശോയുടെ തിരുസ്വരൂപത്തിലേക്കു മിഴികൾ നട്ടു നിൽക്കുകയായിരുന്നു.

സുവിശേഷവായന കഴിഞ്ഞ് പ്രസംഗത്തിനുള്ള സമയമായി. എല്ലാവരും പള്ളിക്കകത്തെ ചാരുബഞ്ചിൽ ഇരുന്നു. മനുവിനും എൽസയ്ക്കും ഇരിക്കാനായി ആരോ രണ്ടു കസേരയെടുത്തുകൊണ്ടുവന്നു കൊടുത്തു.

കുരിശിങ്കലച്ചൻ എല്ലാവരെയും ഒന്നു നോക്കിയിട്ട് പ്രസംഗം തുടങ്ങി.

"ഇന്ന് ഇവിടെ വിവാഹിതരാകുന്ന ഡോക്ടർ മനുവിനും എൽസയ്ക്കും ആദ്യമേതന്നെ നല്ലൊരു ദാമ്പത്യജീവിതം ആശംസിക്കുന്നു. ഡോക്ടർ മനുവിനെ എനിക്കു പരിചയമുണ്ടെങ്കിലും ഒരുപാട് അടുപ്പമില്ല.

ശേഷം 14-ാം പേജിൽ

# ഇവിടെ ആർക്കാണു വീഴ്ച സംഭവിച്ചത്?

(1-ാം പേജ് തുടർച്ച)

പിന്നീടു നടന്നത് കണ്ടവരെല്ലാം എന്തൊരു ക്രൂരത എന്നു പറഞ്ഞില്ലെങ്കിലേ അദ്ഭുതമുണ്ടായിരുന്നുള്ളു. അതുകൊണ്ടുതന്നെയാവണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് പി.വി. കുഞ്ഞിക്കൃഷ്ണൻ പ്രതികളുടെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിച്ചപ്പോൾ രൂക്ഷവിമർശനം നടത്തിയത്.

സാംസ്കാരികവകുപ്പു മന്ത്രി സജി ചെറിയാൻ ഉൾപ്പെടെയുള്ള മറ്റു വിശിഷ്ടവ്യക്തികൾ ഉമയുടെ താഴ്ചയിലേക്കുള്ള വീഴ്ച കണ്ട് എത്തിനോക്കിയതല്ലാതെ അവർ ആരുംതന്നെ താഴേക്ക് ഇറങ്ങിച്ചെന്നതുപോലുമില്ല. താഴെ വീണ ഉമാ തോമസിനെ ആശുപത്രിയിലേക്കു മാറ്റാൻ ശ്രമിച്ചവരാകട്ടെ, ഏതൊരു അപകടസ്ഥലത്തും സംഭവിക്കുന്നതുപോലെ യാതൊരു ശ്രദ്ധയും കരുതലുമില്ലാതെ കൈയിലും കാലിലും തൂക്കിയെടുത്ത് ആംബുലൻസിലേക്കു മാറ്റുകയായിരുന്നു. ഇത്തരത്തിൽ വീഴുന്നവരോ വാഹനാപകടത്തിൽപ്പെടുന്നവരോ ആയ വ്യക്തികളെ ഒരിക്കലും വാരിയെടുത്ത് വാഹനത്തിൽ കയറ്റരുത്. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കാനുള്ള ആദ്യമിനിറ്റുകൾ വളരെ പ്രധാനപ്പെട്ടതാണെങ്കിലും കഴിവതും സ്ട്രെച്ചറിൽ കിടത്തിവേണം രോഗിയെ കൊണ്ടുപോകേണ്ടതെന്ന് ഓർമിക്കേണ്ടതാണ്.

നടന്ന സംഭവത്തിന്റെ ഗൗരവം സദസ്സിനെ അറിയിക്കാതെ സംഘാടകർ അവരുടെ പരിപാടികൾ മുൻനിശ്ചയപ്രകാരംതന്നെ നടത്തി പൂർത്തിയാക്കുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞാണ് മന്ത്രിയും കൂട്ടരും എംഎൽഎയുടെ ആരോഗ്യവിവരം തിരക്കി ആശുപത്രിയിലെത്തിയത്.

ബഹുമാനപ്പെട്ട ഹൈക്കോടതി ഉന്നയിച്ച വിമർശനങ്ങൾ നൂറു ശതമാനം ശരിയാണെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. പരിപാടി കുറച്ചു നേരത്തേക്ക് എങ്കിലും എന്തുകൊണ്ടു നിറുത്തുവച്ചില്ലെന്ന് ഹൈക്കോടതി ചോദിച്ചു. മനുഷ്യത്വം എന്നൊന്നില്ലേ? ഗാലറിയിൽ നിന്നു വീണ ഉമാ തോമസിന് എന്തു സംഭവിച്ചുവെന്ന് അന്വേഷിക്കാനുള്ള ബാധ്യത സംഘാടകർക്ക് ഉണ്ടായിരുന്നില്ലേ? അരമണിക്കൂർ പരിപാടി നിർത്തിവച്ചു എന്നുകരുതി എന്തു സംഭവിക്കുമായിരുന്നു? ഒരു എംഎൽഎ യ്ക്ക് ഇതാണവസ്ഥയെങ്കിൽ സാധാരണ മനുഷ്യരുടെ ഗതിയെന്താണെന്നും കോടതി ചോദിച്ചു. ഉമാ തോമസിന് അപകടം ഉണ്ടായശേഷവും പരിപാടി തുടർന്നു. ഉമാ തോമസിനെ ആശുപത്രിയിലെത്തിക്കുന്നതുവരെയെങ്കിലും കാത്തിരിക്കാമായിരുന്നുവെന്നും കോടതി വിമർശിച്ചു.

ഐ.എസ്.എൽ. ഉൾപ്പെടെ ഫുട്ബോൾ മത്സരങ്ങൾമാത്രം നടക്കുന്ന കലൂർ സ്റ്റേഡിയം ഗിന്നസ് നൃത്തപരിപാടിക്കു വിട്ടുനൽകിയത് ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻപിള്ളയുടെ ഇടപെടലിനെത്തുടർന്നാണെന്നുള്ള കാര്യം വ്യക്തമായിട്ടുണ്ട്. 11600 നർത്തകരും അവരോടൊപ്പം എത്തിയ ബന്ധുക്കൾ, കാഴ്ചക്കാർ എന്നിങ്ങനെ കാൽലക്ഷത്തോളം പേർ പങ്കെടുക്കുമെന്ന് ഉറപ്പായിരുന്ന ഒരു പ്രോഗ്രാമിന്റെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തെ ബന്ധപ്പെട്ടവരെല്ലാം വളരെ ലാഘവത്തോടെയാണു കണ്ടത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയോ സർക്കാരിന്റെയോ അതല്ലെങ്കിൽ സ്വകാര്യവ്യക്തികളുടെയോ ഉടമസ്ഥതയിലുള്ള പൊതുവിടങ്ങളിൽ അഞ്ഞൂറിലധികം ആളുകൾ ഒരുമിച്ചുചേർന്നുള്ള പൊതുപരിപാടികൾ സംഘടിപ്പിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാക്രമീകരണങ്ങളെക്കുറിച്ച് 2015 ലെ 2015 ആഘോഷനടത്തിപ്പുകാർ ദുരന്തനിവാരണ ദൗത്യത്തിനായി പാലിക്കേണ്ട അടിസ്ഥാനനടപടിക്രമങ്ങൾ (Standard operating procedure for event organizers in view of disaster preparedness) എന്ന സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. സംഭവം നടക്കുന്നതിനു മുപ്പതുദിവസം മുമ്പ് അപേക്ഷ നൽകേണ്ടതും തുടർന്ന് ഡെപ്യൂട്ടി കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് വേണ്ട സുരക്ഷാക്രമീകരണങ്ങൾ നടത്തണമെന്നും സർക്കുലറിൽ പറയുന്നുണ്ട്. സ്റ്റേഡിയത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസിയറും ഈ സർക്കുലറിൽ പറയുന്ന ഒരു നിർദേശവും നടപ്പാക്കാൻ ശ്രദ്ധിക്കാതിരുന്നതാണ് അപകടത്തിനു വഴിവച്ചത്.

ദിവ്യാ ഉണ്ണിയുടെയും കൂട്ടരുടെയും കലയോടുള്ള സ്നേഹമല്ല, പണത്തിനോടുള്ള ആർത്തിയാണ് കലൂർ സ്റ്റേഡിയത്തിൽ അരങ്ങേറിയത്. 390 രൂപ വിലയുള്ള സാരി 1600 രൂപയ്ക്കാണ് 11600 നർത്തകർക്കു കൈമാറിയത്. തമിഴ്നാടിന്റെ പേരിലുള്ള ഗിന്നസ് റിക്കാർഡ് തകർത്തതുകൊണ്ട് പങ്കെടുത്ത നർത്തകർക്കോ കേരളത്തിനോ പ്രത്യേകിച്ച് ഒരു നേട്ടവുമില്ല. എംഎൽഎ വെന്റിലേറ്ററിലായിരുന്നിട്ടുപോലും കുടുംബാംഗങ്ങളോട് ഒരു ആശ്വാസവാക്കുപോലും പറയാതെ ദിവ്യാ ഉണ്ണി അമേരിക്കയിലേക്കു പറക്കുകയാണു ചെയ്തത്. സുരക്ഷയ്ക്ക് ഒരു പ്രാധാന്യവും നൽകാതിരുന്ന സംഘാടകരോടു വിട്ടുവീഴ്ച ചെയ്യുമ്പോൾ മനസ്സിലാക്കേണ്ടത് മേലിൽ ഇത്തരം സുരക്ഷാവീഴ്ചകൾ ആവർത്തിക്കാനേ അതിനിടയാക്കൂ. പി.ടി. തോമസിന്റെ പോരാട്ടവീര്യം ലഭിച്ചിട്ടുള്ള ഉമ ഏറ്റവും വേഗം പൊതുപ്രവർത്തനരംഗത്തു സജീവമാകട്ടെ എന്ന് ആശിക്കാം. ■

## അമ്മ

കവിത
കാഞ്ചിയാർ മോഹനൻ

കുഞ്ഞായിരുന്നപ്പോൾ
അമ്മയോടൊത്തിരി,
ആശകൾ ചൊല്ലി
ക്കരഞ്ഞോരുനേരത്ത്,
അമ്മ പറഞ്ഞു,
കരയണ്ട, മോനെ നീ
അമ്പിളി മാമനെ
ഞാൻ പിടിച്ചേകിടാം
മാമനെ നിന്നുടെ
തോളത്തിരുത്തിടാം,
നക്ഷത്രമൊക്കെയും
വാരിപ്പകർന്നിടാം,
തങ്കനിലാവിൽ
കുളിയ്ക്കുവാൻ താമര-
പൊയ്കയിൽ പോയിടാം
നീന്തിത്തുടിച്ചിടാം.
സർവ്വയിഷ്ടങ്ങളും
സാദ്ധ്യമാക്കാമെന്ന്
വാക്കു തന്നെന്റെമ്മ
വാരിപ്പുണരുമ്പോൾ,
സർവ്വലോകങ്ങളും
കാൽക്കീഴിലാക്കി ഞാൻ
അമ്മതൻ മാറിൽ
മയങ്ങിക്കിടന്ന നാൾ.
ഇന്നേവരെ നടപ്പാക്കാൻ
കഴിയാത്ത
വാക്കാണെനിയ്ക്കമ്മ
തന്ന, തന്നെങ്കിലും,
സർവ്വ ലോകങ്ങളും
കാൽക്കീഴിലെത്തിയ്ക്കാ
മെന്നു ചൊല്ലുന്നത്
അമ്മയല്ലാതാര്?

## പാലാ സെന്റ് ജോസഫ്സിൽ ഇന്റർനാഷണൽ സിമ്പോസിയത്തിന് ഉജ്ജ്വലസമാപനം

പാലാ: പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജ് (ഓട്ടോണമസ്), ന്യൂഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & റിലീജിയനുമായി സഹകരിച്ച് 2025 ജനുവരി 2 മുതൽ 4 വരെ തീയതികളിൽ 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഹ്യൂമനോയിഡ് ടെക്നോളജി എന്നിവയുടെ വികസനം: വാഗ്ദാനങ്ങളും അപകടങ്ങളും' എന്ന വിഷയത്തിൽ നടന്നുവന്ന ഇന്റർനാഷണൽ സിമ്പോസിയം സമാപിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(എഐ), ഹ്യൂമനോയിഡ് ടെക്നോളജി എന്നിവയുടെ ഏറ്റവും പുതിയ പഠനങ്ങൾ സിമ്പോസിയത്തിൽ അവതരിപ്പിക്കപ്പെട്ടു. മനുഷ്യരാശിയുടെ ഏറ്റവും മികച്ച നേട്ടങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ അതിന്റെ ധാർമികപ്രത്യാഘാതങ്ങളുടെ പശ്ചാത്തലത്തിൽ വിമർശനാത്മകമായി സിമ്പോസിയം വിലയിരുത്തി.

'നിർമിതബുദ്ധിയുടെ വൈകാരികത അവയുടെ നൈതിക പ്രശ്നങ്ങളും തത്ത്വശാസ്ത്രപരമായ പ്രത്യാഘാതങ്ങളും' എന്ന വിഷയത്തിൽ പുനെ ജ്ഞാനദീപ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് അസോസിയേറ്റ് പ്രൊഫസർ ഡോ. ഡോളിച്ചൻ കൊള്ളാരേത്ത് എസ്ജെ., ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പരിണാമവും സാമൂഹിക നിർമാണത്തിൽ അവയുടെ സ്വാധീനവും എന്ന വിഷയത്തിൽ പാലാ സെന്റ് ജോസഫ് (ഓട്ടോണമസ്) കോളജ് കമ്പ്യൂട്ടർ സയൻസ് - സൈബർ സെക്യൂരിറ്റി വിഭാഗം പ്രൊഫസർ ശബരിനാഥ് ജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു വിശകലനം എന്ന വിഷയത്തിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സംഗീത ജോസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപനസമ്മേളനത്തിൽ ഡയറക്ടർ പ്രൊഫ. ഡോ. ജയിംസ് ജോൺ മംഗലത്ത് അധ്യക്ഷനായിരുന്നു. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ ഡോ വി.വി. ജോർജ്കുട്ടി മുഖ്യാതിഥിയായി. ഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് സയൻസ്&റിലിജിയൻ ഡയറക്ടർ പ്രൊഫ. ഡോ. ജോബ് കോഴാംതടം എസ് ജെ, വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോസഫ് പുരയിടത്തിൽ, ഓർഗനൈസിങ് കമ്മിറ്റി സെക്രട്ടറി പ്രൊഫ. ഡോ. ജോബി പി പി എന്നിവർ പ്രസംഗിച്ചു.

## സിസ്റ്റർ ഡോ. മെർലിൻ പ്രൊവിൻഷ്യൽ സുപ്പീരിയർ



പാലാ: എസ്.എച്ച്. കോൺഗ്രിഗേഷൻ പാലാ തിരുഹൃദയ പ്രോവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയറായി സിസ്റ്റർ ഡോ. മെർലിൻ അരീപ്പറമ്പിൽ തിരഞ്ഞെടുക്കപ്പെട്ടു.

സിസ്റ്റർ ഡോ. റോസ്മിൻ ചെരുവിൽപറമ്പിലിനെ വികാർ പ്രൊവിൻഷ്യലായും, സിസ്റ്റർ മെർലിൻ ജോസ് തെക്കേൽ, സിസ്റ്റർ ഡോ. ജെസി മുഞ്ഞനാട്ട്, സിസ്റ്റർ മേഴ്സി കൂട്ടുങ്കൽ എന്നിവരെ കൗൺസിലർമാരായും, സിസ്റ്റർ റ്റെസ്സിറ്റ് ആനക്കുഴിയിലിനെ ഓഡിറ്ററായും, സിസ്റ്റർ മേരി കുന്നേമുറിയിലിനെ പ്രൊക്യുറേറ്ററായും തിരഞ്ഞെടുത്തു.

### എസ്.എം.വൈ.എം. – കെ.സി.വൈ.എം.

## പാലാ രൂപതയ്ക്ക് പുതിയ നേതൃനിര



അൻവിൻ സോണി (പ്രസിഡന്റ്)



റോബിൻ റ്റി. ജോസ് (ജന. സെക്രട്ടറി)



ബിൽനാ സിബി വെള്ളരിങ്ങാട്ട് (വൈസ് പ്രസിഡന്റ്)

പാലാ : എസ്.എം.വൈ.എം. - കെ.സി.വൈ.എം.പാലാ രൂപതയുടെ 2025 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

അൻവിൻ സോണി ഓടച്ചുവട്ടിൽ - പ്രസിഡന്റ് (പാലാക്കാട്), റോബിൻ റ്റി. ജോസ് താന്നിമല - ജനറൽ സെക്രട്ടറി (പൂവക്കുളം), ബിൽനാ സിബി വെള്ളരിങ്ങാട്ട് - വൈസ് പ്രസിഡന്റ്(ഗാഗുൽത്താ), ജോസഫ് തോമസ് - ഡെപ്യൂട്ടി പ്രസിഡന്റ് (ഏന്തയാർ), ബെനിസൺ സണ്ണി - സെക്രട്ടറി (അരുവിത്തുറ), ജിസ്മി ഷാജി - ജോയിന്റ് സെക്രട്ടറി (പാലക്കാട്ടുമല), എഡ്വിൻ ജെയ്സ് - ട്രഷറർ (പെരിങ്ങളം) എന്നിവരാണ് പുതിയ ഭാരവാഹികൾ.

എസ്.എം.വൈ.എം. കൗൺസിലേഴ്സായി അഡ്വ. സാംസണ്ണി (കത്തീഡ്രൽ), നിഖിൽ ഫ്രാൻസിസ് (ഇലഞ്ഞി), പ്രതീക്ഷാ രാജ് (കത്തീഡ്രൽ) എന്നിവരും നോമിനേറ്റ് ചെയ്യപ്പെട്ടു. പുതിയ ഭാരവാഹികൾ രൂപതാ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു.

# നിത്യമായ സ്വർഗീയവിരുന്നിലേക്ക്

**വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ട് ആയിരുന്ന കർദിനാൾ ആഞ്ചലോ അമാത്തോ നിത്യതയിലേക്ക് യാത്രയായി. അൽഫോൻസാമ്മയും മദർ തെരേസയും ജോൺപോൾ രണ്ടാമൻ മാർപാപ്പായുമൊക്കെ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടത് ഇദ്ദേഹത്തിന്റെ കാലത്താണ്. സിസ്റ്റർ റാണി മരിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതും ഇദ്ദേഹമാണ്.**



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

2008 ഒക്ടോബർ 12 ഞായറാഴ്ച വെളുപ്പിന്, ചരിത്രത്തിലാദ്യമായി ഇരുപതിലധികം നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള സീറോ മലബാർസഭയിൽനിന്ന് ഒരു പുണ്യവതിയുടെ വർണചിത്രം വി. പത്രോസിന്റെ ബസിലിക്കായുടെ മട്ടുപ്പാവിൽ പ്രദർശിപ്പിക്കപ്പെടുന്നു. ആ കാഴ്ച നേരിട്ടോ അല്ലാതെയോ ദർശിച്ച ഭാരതീയർ ആനന്ദപുളകിതരായി. 'നമ്മുടെ അൽഫോൻസാമ്മ ദാ അവിടെ' എന്ന് എത്രയോപേർ ഉള്ളിൽ ഉരുവിട്ടിട്ടുണ്ടാകും!

കേരളത്തിന്റെ അഭിമാന പുത്രി അൽഫോൻസാമ്മയെ വിശുദ്ധപദവിയിലേക്കുയർത്തിയ അത്യദ്ഭുതകരമായ ചടങ്ങായിരുന്നു അത്. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചത്വരത്തിൽ പ്രത്യേകം തയ്യാറാക്കിയ അൾത്താരയിങ്കൽ കർദിനാൾമാരാലും മെത്രാന്മാരാലും അനുഗതനായി ബനഡിക്ട് മാർപാപ്പാ തിരുക്കർമങ്ങൾക്കു കാർമികത്വം വഹിച്ചു. അൽഫോൻസാമ്മയോടൊപ്പം ഗയത്താനോ എൻറികോ എന്ന ഇറ്റാലിയൻ വൈദികനും, സ്വിറ്റ്സർലണ്ടിൽ ജനിച്ച് തെക്കേ അമേരിക്കയിൽ സേവനം ചെയ്ത മേരി ബർണാർദ് ബ്യൂട്ട്ലർ എന്ന സന്ന്യാസിനിയും ഇക്വദോറിൽനിന്നുള്ള നർചീസ ദി ജേസൂസ് മർത്തിലോ മൊറാൻ എന്ന പുണ്യസ്ത്രീയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി. വിശുദ്ധപദപ്രഖ്യാപനം മാർപാപ്പായുടെ തെറ്റാവരത്തോടെയുള്ള ഒരു പ്രഖ്യാപനമാണ്.

വിശദമായ പഠനങ്ങൾക്കുശേഷം ഇവരെ വിശുദ്ധരായി പ്രഖ്യാപിക്കാൻ പരിശുദ്ധപിതാവിനോട് അഭ്യർഥിച്ചത് വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷനായിരുന്ന ആർച്ചുബിഷപ് ആഞ്ചലോ അമാത്തോ ആയിരുന്നു. പരിശുദ്ധപിതാവു കഴിഞ്ഞാൽ ആ തിരുക്കർമങ്ങളിൽ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രം ഇദ്ദേഹമായിരുന്നു. ഈ വാഴ്ത്തപ്പെട്ടവരുടെ ഹ്രസ്വജീവചരിത്രം വളരെ സ്ഫുടമായി വായിച്ച് സമർപ്പിച്ചത് ആർച്ചുബിഷപ് ആഞ്ചലോ അമാത്തോ ആയിരുന്നു.



2008 മുതൽ 2018 ൽ എൺപതു വയസ്സു പൂർത്തിയാകുന്നതുവരെ കർദിനാൾ ആഞ്ചലോ അമാത്തോ വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള തിരുസംഘത്തിന്റെ (ഡിക്കാസ്റ്ററി) അധ്യക്ഷനായിരുന്നു. 86-ാം വയസ്സിൽ ബനഡിക്ട് പതിനാറാമന്റെ ചരമവാർഷികദിനമായ 2024 ഡിസംബർ 31-ാം തീയതി അദ്ദേഹം ദിവംഗതനായപ്പോൾ 'ഇൽ മെസജെജരോ' എന്ന ഇറ്റാലിയൻ ദേശീയദിനപത്രം പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായെ ഉദ്ധരിച്ചുകൊണ്ട് എഴുതിയത് ഇപ്രകാരമാണ്: "ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധകന്യാമറിയവും കർദിനാൾ അമാത്തോ അൾത്താരയിലെ വണക്കത്തിലേക്കു നയിച്ച വാഴ്ത്തപ്പെട്ടവരും വിശുദ്ധരും ചേർന്ന് അദ്ദേഹത്തെ നിത്യമായ സ്വർഗീയവിരുന്നിലേക്കു സ്വാഗതം ചെയ്യട്ടെ." ആ ഗണത്തിൽ 913 വിശുദ്ധരുണ്ട്! ഇത്രയും ഉയർന്ന ഒരു സംഖ്യയ്ക്കു കാരണം 15-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തുർക്കിയിൽ കൊല്ലപ്പെട്ട 813 രക്തസാക്ഷികൾ ഇതിൽ പെടുന്നതുകൊണ്ടാണ്. മദർ തെരേസയും ജോൺപോൾ രണ്ടാമൻ പാപ്പായുമൊക്കെ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടത് കർദിനാൾ അമാത്തോയുടെ കാലത്താണ്. 2017 നവംബർ നാലിന് ഇൻഡോറിൽ സി. റാണി മരിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതും കർദിനാൾ ആഞ്ചലോ അമാത്തോ ആയിരുന്നു.

1938 ജൂൺ എട്ടിന് തെക്കൻ ഇറ്റലിയിലെ ബാരിക്കു സമീപം മോൾഫെത്തിയിലാണ് ആഞ്ചെലോ അമാത്തോ ജനിച്ചത്. സ്കൂൾവിദ്യാഭ്യാസത്തിനുശേഷം ബാറിയിലെ നോട്ടിക്കിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അഞ്ചുവർഷം ദീർഘിക്കുന്ന ഒരു കോഴ്സിനു ചേർന്നു. എന്നാൽ, മൂന്നാം വർഷം പഠനം നിർത്തി 1953 ൽ സലേഷ്യൻസഭയിൽ ചേർന്നു. 1967 ഡിസംബർ 21 ന് പൗരോഹിത്യം സ്വീകരിച്ചു. സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ തിയോളജിയിൽ ഡോക്ടറേറ്റു നേടിയ അദ്ദേഹം യൂണിവേഴ്സിറ്റിയുടെ ഡീനായും പ്രവർത്തിച്ചു. 2002 ൽ അദ്ദേഹത്തെ ജോൺപോൾ രണ്ടാമൻ പാപ്പാ വിശ്വാസകാര്യങ്ങളുടെ തിരുസംഘത്തിന്റെ സെക്രട്ടറിയായി നിയമിച്ചു. അവിടെ കർദിനാൾ ജോസഫ് റാറ്റ്സിങ്ങറോടൊപ്പം 2005 വരെ പ്രവർത്തിച്ചു. 2008 ൽ വിശുദ്ധരുടെ നാമകരണനടപടികളുടെ പ്രീഫെക്ടായി ബെനഡിക്ട് പാപ്പാ അദ്ദേഹത്തെ നിയമിക്കുകയും 2010 ൽ കർദിനാൾപദവി നല്കുകയും ചെയ്തു.

2013 ലെ കോൺക്ലേവിൽ അദ്ദേഹം പങ്കെടുത്തു. ഫ്രാൻസീസ് പാപ്പാ കർദിനാൾ അമാത്തോയെ അഞ്ചുവർഷത്തേക്കു വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ടായി വീണ്ടും നിയമിച്ചു.

മഹാമനസ്കതയോടും സൂക്ഷ്മതയോടും നേർമയോടുംകൂടി അദ്ദേഹം സഭയിൽ സുവിശേഷത്തിനു സാക്ഷ്യം വഹിച്ചുവെന്നാണ് ഫ്രാൻസിസ് പാപ്പാ അനുശോചനസന്ദേശത്തിൽ പറഞ്ഞത്.


2025 ജനുവരി രണ്ടാം തീയതി സെന്റ് പീറ്റേഴ്സിൽ വച്ച് അദ്ദേഹത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾ നടന്നു.

■



*കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന കർഷകസംഗമവും അടുക്കളത്തോട്ട മത്സരവിജയികൾക്കുള്ള അവാർഡുദാനസമ്മേളനവും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ജോർജ് പഴേപറമ്പിൽ, രാജീവ് കൊച്ചുപറമ്പിൽ, ഇമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ടോമി കണ്ണീറ്റുമ്യാലിൽ തുടങ്ങിയവർ സമീപം.*

## ചരിത്രത്തിലാദ്യമായി വത്തിക്കാൻ കാര്യാലയത്തിന്റെ തലപ്പത്ത് ഒരു വനിത



വത്തിക്കാൻസിറ്റി: സമർപ്പിതസമൂഹങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻകാര്യാലയത്തിന്റെ (ഡിക്കാസ്റ്ററി) പ്രീഫെക്ടായി ഇറ്റലിക്കാരിയായ സിസ്റ്റർ സിമോണ ബ്രാംബില്ലയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ചരിത്രത്തിലാദ്യമായാണ് വത്തിക്കാൻ കാര്യാലയത്തിന്റെ തലപ്പത്ത് ഒരു വനിത നിയമിതയാകുന്നത്. പ്രോപ്രീഫെക്ടായി സ്പെയിൻകാരനായ കർദിനാൾ എംഗൽ ഫെർണാണ്ടസ് ആർതിമേ എസ്ഡിബിയും നിയമിതനായി.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊൺസൊലാത്ത മിഷണറീസ് എന്ന സന്ന്യാസസമൂഹത്തിൽ അംഗമായ സിസ്റ്റർ സിമോണ ഈ കാര്യാലയത്തിന്റെ അംഗമായി 2019 മുതലും സെക്രട്ടറിയായി 2023 മുതലും പ്രവർത്തിച്ചുവരികയായിരുന്നു. അറുപതുകാരിയായ സിസ്റ്റർ സിമോണ സന്ന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായും പ്രവർത്തിച്ചിട്ടുണ്ട്. മൊസാംബിക്കിൽ പ്രേഷിതപ്രവർത്തനം നടത്തിയിട്ടുള്ള സിസ്റ്റർ നഴ്സിങ് ജോലിയുപേക്ഷിച്ച് സന്ന്യാസം തിരഞ്ഞെടുത്ത വ്യക്തിയാണ്.



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# വ്രണത്തിൽ സുഗന്ധം പുരട്ടിയാൽ ദുർഗന്ധം മാറുമോ?

നേർമൊഴി

ആശ്വാസകരമെന്നു വേണമെങ്കിൽ പറയാവുന്ന ഒരു കാര്യം മണിപ്പൂരിൽ സംഭവിച്ചിരിക്കുന്നു. 19 മാസമായി മണിപ്പൂരിൽ താണ്ഡവമാടിയ വംശീയകലാപം അമർച്ച ചെയ്യാതെ കാഴ്ചക്കാരനെപ്പോലെ നോക്കിനിന്ന മുഖ്യമന്ത്രി എൻ. ബീരേൻസിങ് പുതുവർഷത്തലേന്നു മണിപ്പൂർ ജനതയോടു മാപ്പുചോദിച്ചിരിക്കുന്നു: "2023 മേയ് മുതൽ നടന്ന കാര്യങ്ങളിൽ ഞാൻ ഖേദിക്കുന്നു. വംശീയകലാപത്തിൽ ജീവനും ബന്ധുക്കളും വീടുകളും നഷ്ടപ്പെട്ട എല്ലാവരോടും മാപ്പുചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കടന്നുപോയ വർഷം ദൗർഭാഗ്യങ്ങളുടേതാകയാൽ ഖേദിക്കുന്നു. മണിപ്പൂരിലെ 35 വംശീയവിഭാഗങ്ങളും ഒരുമയോടെ ജീവിക്കണം... പഴയതെല്ലാം മറന്നും പൊറുത്തും പുതിയ ജീവിതം തുടങ്ങണമെന്നു ഞാൻ എല്ലാ വിഭാഗത്തോടും അപേക്ഷിക്കുന്നു."

മുഖ്യമന്ത്രിയുടെ ഈ മനംമാറ്റം ആത്മാർഥതയുള്ളതാണോ? ഇതിന്റെ പിന്നിലെ പ്രേരണ ആരുടേതാണ്? മണിപ്പൂരിൽ സമാധാനമുണ്ടാകണമെന്നു മുഖ്യമന്ത്രി തീരുമാനിച്ചാൽ അതു സാധ്യമാണ്. നിയമസഭയിൽ ഭൂരിപക്ഷവും കേന്ദ്രമന്ത്രിസഭയുടെ പിന്തുണയുമുണ്ട്. സ്വന്തം തീരുമാനംകൊണ്ടായാലും ബാഹ്യസമ്മർദംകൊണ്ടായാലും സമാധാനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. കൂടെയുള്ള എംഎൽഎമാരുടെയും ഘടകകക്ഷി എംഎൽഎമാരുടെയും മിസോറാം മുഖ്യമന്ത്രിയുടെയും സമ്മർദമുണ്ടെന്നു കരുതപ്പെടുന്നു. സുപ്രീംകോടതിയുടെ പരാമർശങ്ങളും തീർച്ചയായും മുഖ്യമന്ത്രിക്കു സമ്മർദമായിട്ടുണ്ടാകും. കലാപം സംസ്ഥാന സർക്കാർ കണ്ടുനില്ക്കുകയാണെന്നും മണിപ്പൂരിൽ സമ്പൂർണ ഭരണത്തകർച്ച സംഭവിച്ചുവെന്നും സുപ്രീംകോടതി ഒന്നിലധികം പ്രാവശ്യം നിരീക്ഷിച്ചു. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള സമ്മർദം ഇതിനു പുറമേയാണ്.

ഇന്ത്യയുടെ രത്നം എന്ന പേര് മണിപ്പൂരിനുണ്ട്. എന്നാൽ, ഇന്ന് മണിപ്പൂർ ചോരക്കറ പുരണ്ടു ശോഭ നഷ്ടപ്പെട്ട അവസ്ഥയിലാണ്. അതിനു കാരണക്കാരിൽ പ്രധാനി മുഖ്യമന്ത്രിയാണെന്നാണ് ആക്ഷേപം. രാഷ്ട്രീയലാഭത്തിനുവേണ്ടി അദ്ദേഹം മെയ്തികളുടെ പക്ഷംചേർന്നു കുക്കികൾക്കെതിരേ പോരാടുന്നുവെന്ന പരാതി ശക്തമാണ്. നിഷ്പക്ഷത പാലിക്കുന്ന ഒരു ഭരണകൂടത്തിനു നിയന്ത്രണത്തിൽ കൊണ്ടുവരാവുന്ന ക്രമസമാധാന പ്രശ്നങ്ങളേ മണിപ്പൂരിനുള്ളൂ എന്നു വിലയിരുത്തപ്പെടുന്നു. സംസ്ഥാനത്ത്, ക്രമസമാധാന നില മെച്ചപ്പെടുത്താനുള്ള നിർദേശം കേന്ദ്രത്തിൽനിന്നു ലഭിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. പാർലമെന്റിൽ ഭൂരിപക്ഷം കുറഞ്ഞപ്പോൾ പഴയതുപോലെ കാര്യങ്ങൾ എളുപ്പത്തിൽ നീങ്ങുന്നില്ല.

ബില്ലുകൾ ഒതുക്കത്തിൽ പാസാക്കിയെടുക്കാൻ കഴിയുന്നില്ല. വൺ ഇന്ത്യ, വൺ ഇലക്ഷൻ പദ്ധതി നടപ്പാക്കുക എളുപ്പമല്ല. എം.പിമാരുടെ




ആക്രമണത്തിന്റെ ശക്തിയും വർധിച്ചുവരികയാണ്. പാർലമെന്റിൽ പ്രിയങ്ക നവാഗതയാണെങ്കിലും ശക്തമായ രാഷ്ട്രീയ ഇടപെടലുകളാണ് അവർ നടത്തുന്നത്. പ്രിയങ്കയോളം കരുത്തുള്ള തൃണമൂൽ കോൺഗ്രസിലെ നാലഞ്ചു വനിതാ എംപിമാർകൂടി ചേരുമ്പോൾ പാർലമെന്റുസമ്മേളനങ്ങൾ ബിജെപി നേതാക്കൾക്ക് ആഹ്ലാദകരമല്ല.

മുഖ്യമന്ത്രിക്കു കുക്കികൾ മാപ്പു നൽകിയാലും മണിപ്പൂരിൽ സമാധാനമുണ്ടാകണമെന്നില്ല. രാഷ്ട്രീയനേട്ടങ്ങൾക്കുള്ള കലഹങ്ങൾ അവിടെ അവസാനിക്കണം. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും ഗോത്രത്തിന്റെയും അതിർവരമ്പുകൾ ഇല്ലാതാകണം. ഹിന്ദുക്കളും മുസ്ലീംകളും ക്രിസ്ത്യാനികളുമായി തരംതിരിച്ചു കാണാതെ മനുഷ്യരായി എല്ലാവരെയും പരിഗണിക്കുമ്പോഴാണ് സമാധാനത്തിന്റെ വെള്ളരിപ്രാവ് മണിപ്പൂരിന്റെ ആകാശത്തു പറക്കുന്നത്. തെറ്റ് ഏറ്റുപറഞ്ഞ മുഖ്യമന്ത്രിയെ ഇനിയെങ്കിലും മാറ്റിക്കൂടേ? മുഖ്യമന്ത്രിയെ മാറ്റിയാൽ ഇംഫാൽ താഴ്‌വര കലാപകലുഷിതമാകുമെന്നു കേന്ദ്രസർക്കാർ ഭയപ്പെടാൻ കാരണമെന്താണ്?

ബിജെപി നേതൃത്വത്തിനു മുഖ്യമന്ത്രി ബിരേൻസിങ്ങിനെ മാറ്റിനിർത്താനാവില്ലെന്ന സംസാരമുണ്ട്. കാരണം, പാർട്ടിയുടെ ഫണ്ടിന്റെ പ്രധാന സ്രോതസ്സുകളിലൊന്ന് അദ്ദേഹമാണ്. കോർപ്പറേറ്റു കുത്തകകളുമായി നല്ല ബന്ധം പുലർത്തുന്നയാളാണത്രേ അദ്ദേഹം. മണിപ്പൂർ കലാപഭൂമിയായി മാറിയാൽ അവിടെനിന്നു മറ്റു പ്രദേശങ്ങളിലേക്കു വലിയ തോതിലുള്ള പ്രയാണം നടക്കും. അങ്ങനെ, കാലക്രമേണ മണിപ്പൂർ ഭൂപ്രദേശം വിജനമാകും. അതു സാവധാനം റിയൽ എസ്റ്റേറ്റുകാരുടെ സ്വപ്നഭൂമിയായി മാറും. മലകളും കുന്നുകളും നിറഞ്ഞ ഭൂപ്രദേശം കഞ്ചാവുപോലെയുള്ള മയക്കുമരുന്നുത്പന്നങ്ങളുടെ സങ്കേതമായിത്തീരും. അതിർത്തിപ്രദേശമാകയാൽ മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മയക്കുമരുന്നുത്പന്നങ്ങളുടെ ഉത്പാദനവും വിതരണവും നടക്കും. അങ്ങനെ, മണിപ്പൂർ മയക്കുമരുന്നുകളുടെ അന്താരാഷ്ട്രവിപണിയായി മാറാം. ഇത്തരത്തിലുള്ള ബിസിനസ് താത്പര്യങ്ങളാണ് മണിപ്പൂരിലെ തീ അണയാതിരിക്കാൻ കാരണം. ഈ നിരീക്ഷണത്തിൽ സത്യത്തിന്റെ അംശമുണ്ടെങ്കിൽ മണിപ്പൂരിലെ രാഷ്ട്രീയനേതൃത്വം രാജ്യദ്രോഹക്കുറ്റമാണു ചെയ്യുന്നത്. മണിപ്പൂരിന്റെ മുറിവുണക്കാൻ മുഖ്യമന്ത്രിയുടെ മാപ്പ് ഉപകരിക്കുമെങ്കിൽ അതു മഹാഭാഗ്യമാണ്. ■




11–ാം പേജ് തുടർച്ച

അതേസമയം എൽസയുമായി എനിക്കു മൂന്നുവർഷത്തെ പരിചയവും അടുപ്പവുമുണ്ട്. കുറുക്കൻകുന്നുപള്ളിയിൽ ഞാൻ സ്ഥലംമാറിച്ചെല്ലുമ്പോൾ എന്നെ സ്വീകരിക്കാൻ പള്ളിയിൽ എത്തിച്ചേർന്ന ആളുകളുടെ കൂട്ടത്തിൽ എൽസയും ഉണ്ടായിരുന്നു. അന്ന് അവൾ അവിടെ വേദപാഠം പഠിപ്പിക്കുന്നുണ്ടായിരുന്നു. അന്ന് പരിചയപ്പെട്ടതാണ് എൽസയെ. പിന്നീട് ആ കുടുംബവുമായി ഞാൻ കൂടുതൽ അടുത്തു. ഞാനാ വീട്ടിൽ ചെല്ലുമ്പോഴൊക്കെ എൽസയുടെ അമ്മ സിസിലി ചക്കപുഴുങ്ങിയതും ചേന പുഴുങ്ങിയതുമൊക്കെ വിളമ്പിവച്ചിട്ട് കഴിക്ക് അച്ചാ എന്നു പറഞ്ഞു സ്നേഹത്തോടെ വിളിച്ചുകൊണ്ടുപോയി കഴിപ്പിക്കുന്നത് ഞാൻ ഇപ്പഴും ഓർക്കുന്നു. സിസിലി എപ്പഴും പറയുമായിരുന്നു എൽസയുടെ കല്യാണം കഴിഞ്ഞിട്ടേ എന്റെ കണ്ണടപ്പിക്കാവൂ ഈശോയേ എന്ന്. പക്ഷേ, ദൈവം സിസിലിയെ അതിന് അനുവദിച്ചില്ല. നല്ലവരെ ദൈവം വേഗം വിളിക്കും എന്നു പറഞ്ഞപോലെ സിസിലിയെ ദൈവം വേഗം സ്വർഗലോകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പനും അമ്മയും നഷ്ടപ്പെട്ട് എൽസ എന്തു ചെയ്യണമെന്നറിയാതെ മരവിച്ചുനിന്നപ്പോൾ ദൈവം ഒരു ദൂതനെ അവളുടെ അടുത്തേക്കു പറഞ്ഞയച്ചു. ആ ദൂതനാണ് ഈ നിൽക്കുന്ന ഡോക്ടർ മനു. മനുവിന് ഒരു കാര്യത്തിൽ സന്തോഷിക്കാമെന്ന് ഞാനുറപ്പുതരുന്നു. അതു മറ്റൊന്നുമല്ല; നല്ല സ്വഭാവശുദ്ധിയും ദൈവവിശ്വാസവും സ്നേഹവും ക്ഷമാശീലവുമൊക്കെയുള്ള ഒരു വധുവിനെയാണ് ദൈവം കൈപിടിച്ചു മനുവിനു തന്നിരിക്കുന്നത്. ഒരു കുടുംബം എങ്ങനെ മുമ്പോട്ടുകൊണ്ടുപോകണമെന്ന് എൽസയ്ക്കറിയാം. അപ്പനെയും അമ്മയെയും സ്നേഹിക്കേണ്ടത് എങ്ങനെയെന്നറിയാം. കേട്ടറിവല്ല, എന്റെ അനുഭവത്തിൽനിന്നാണ് ഞാനിതു പറയുന്നത്. മനുവിനോട് എനിക്ക് ഒന്നേ പറയാനുള്ളൂ. എൽസ തരുന്ന സ്നേഹം അതേ അളവിൽ തിരിച്ചങ്ങോട്ടും കൊടുക്കണം. അവൾ പരാതി പറഞ്ഞില്ലെങ്കിൽപ്പോലും അവളുടെ കണ്ണുനിറയുന്ന ഒരു സാഹചര്യം ഉണ്ടാവരുത്. എന്തു പ്രശ്നം ഉണ്ടായാലും പരസ്പരം തുറന്നുപറഞ്ഞ് അപ്പപ്പോൾ പരിഹരിച്ചു മുമ്പോട്ടുപോകണം. ഭർത്താവിന്റെ വീട്ടിൽ ചെന്നാൽ എങ്ങനെ പെരുമാറണമെന്ന് എൽസ എന്നെ ക്ഷണിക്കാൻ വന്നപ്പോൾ അവൾക്കു ഞാൻ ക്ലാസ് എടുത്തിട്ടാണ് വിട്ടിരിക്കുന്നത്. കുറച്ചുകാലത്തെ പരിചയംകൊണ്ട് എൽസയുടെ സ്വഭാവം എന്താണെന്ന് മനുവിന് ഏറെക്കുറെ മനസ്സിലായിട്ടുണ്ടാവുമല്ലോ. അതുകൊണ്ട് പൊരുത്തപ്പെട്ടുപോകാൻ ബുദ്ധിമുട്ടുണ്ടാവില്ലെന്നാണു ഞാൻ കരുതുന്നത്. പിന്നെ, മനുഷ്യരല്ലേ ചെറിയ തീയും പുകയുമൊക്കെ ഇടയ്ക്കുണ്ടാകും. അത് ആളിക്കത്താതിരിക്കാൻ രണ്ടുപേരും നോക്കണം. പരസ്പരം വിട്ടുവീഴ്ച ചെയ്യാതെ ആരുടെയും കുടുംബജീവിതം സന്തോഷകരമായി മുമ്പോട്ടുപോകില്ല. മനുവിനോട് ഒരു കാര്യംകൂടി ഓർമിപ്പിക്കാനുണ്ട്. എൽസ കാരണം നിങ്ങളുടെ ദാമ്പത്യജീവിതത്തിൽ എന്തെങ്കിലും പ്രശ്നം ഉണ്ടാകുന്നുവെങ്കിൽ, അതു പറഞ്ഞുതീർക്കാൻ പറ്റുന്നില്ല എന്നു തോന്നുന്നുവെങ്കിൽ എന്നെ വിളിച്ചറിയിക്കണം. മനുവിന് അറിയാമല്ലോ ഈ കല്യാണത്തിന് ഏറ്റവും ശക്തമായി റെക്കമെൻഡ് ചെയ്തതു ഞാനാ. സാധാരണ ഒരു വൈദികനും അങ്ങനെ ചെയ്യാറുള്ളതല്ല. എനിക്ക് എൽസയെ നന്നായി അറിയാവുന്നതുകൊണ്ടാണ് ഞാനിത്രയും ഉറപ്പായി പറഞ്ഞത്. സിസിലിയുടെ ആത്മാവ് ഇപ്പോൾ സ്വർഗത്തിലിരുന്ന് സന്തോഷിക്കുന്നുണ്ടാവും. അവർ ആഗ്രഹിച്ചതിനേക്കാൾ നല്ലൊരു പുരുഷനെ ഭർത്താവായി ദൈവം തന്റെ മകൾക്കു കൊടുത്തല്ലോ എന്നോർത്ത്. ഞാൻ എൽസയോടു പറഞ്ഞിട്ടുണ്ട് അടുത്തവർഷം ഈ സമയത്ത് എന്നെ കാണാൻ വരുമ്പോൾ നിങ്ങൾ രണ്ടുപേർ മാത്രം പോരാ, മൂന്നാമതൊരാൾകൂടി കയ്യിലുണ്ടായിരിക്കണമെന്ന്. ഇപ്പഴത്തെ ന്യൂജൻതലമുറയ്ക്ക് കല്യാണം കഴിഞ്ഞ് ഉടനെ കുഞ്ഞുവേണ്ട, രണ്ടുമൂന്നു വർഷം അടിച്ചുപൊളിച്ചുനടന്നിട്ടു മതി കുഞ്ഞ് എന്നൊക്കെയാണ് ചിന്തകൾ. അങ്ങനെ ചിന്തിച്ച പലർക്കും പിന്നീട് ദൈവം കുഞ്ഞിനെ കൊടുത്തില്ല എന്ന അനുഭവവും നമ്മുടെ ചുറ്റുമുണ്ട്. കുഞ്ഞുങ്ങൾ ദൈവത്തിന്റെ വരദാനമാണെന്നു മനസ്സിലാക്കി, ദൈവം തരുന്ന സമയത്ത് രണ്ടു കൈയും നീട്ടി സ്വീകരിക്കുക."

അച്ചന്റെ പ്രസംഗം പിന്നെയും നീണ്ടു. പ്രസംഗം കഴിഞ്ഞ് അച്ചൻ മദ്ബഹയിൽനിന്ന് വധൂവരന്മാരുടെ അടുത്തേക്കു വന്നു. താലിയും മോതിരവും മന്ത്രകോടിയും വെഞ്ചരിച്ചു.

നൂലിൽ കോർത്ത താലിയെടുത്ത് അച്ചൻ മനുവിനു കൈമാറി. മനു സാവകാശം എൽസയുടെ പിന്നിലേക്കു മാറി അവളുടെ കഴുത്തിൽ താലി കെട്ടി. എൽസ കോരിത്തരിച്ചുപോയി. ഈ സമയം ഗായകസംഘം പാടി:

"മംഗല്യസൗഭാഗ്യമേകാൻ
മണ്ണിനെ വിണ്ണോടു ചേർക്കാൻ
കല്യാണരൂപനാകും,
യേശുനാഥൻ
കരുണാവർഷം ചൊരിയുന്നു."

ഗാനാലാപനം തുടരുന്നതിനിടയിൽ അച്ചൻ മന്ത്രകോടിയെടുത്ത് മനുവിനു കൊടുത്തു. മനു അത് പിന്നിൽനിന്ന് എൽസയുടെ ശിരസ്സിൽ അണിയിച്ചു.

(തുടരും)








35 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn. അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം പൊൻകുന്നം

Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു

+2 Science commerce humanities

6 മാസംകൊണ്ട് +2, 10

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)

Regular, Postal & Holiday Classes

**1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം**

എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

കേരള ഗവൺമെന്റ് – PSC അംഗീകൃതം

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.







Deepanalam Weekly
RNI No : 16998/68
Vol. 57 No. 44 Date of Publication 9 January 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org